# സാന്ത്വനം

ഒരു സ്വതന്ത്ര ആത്മീക പത്രിക

SANDWANAM

പുസ്തകം 3 | ലക്കം 10 | 2014 ജനുവരി -ഫെബ്രുവരി | പേജ് 8 | KERMAL/2011/40311 | ഒറ്റപ്രതി : ₹10



എസ്. സഞ്ജീവി കൂത്താട്ടുകളം

9961166767




**കർത്താവ് തന്റെ സ്വന്തരക്തം വിലയായ് നൽകി സമ്പാദിച്ച ആട്ടിൻ കൂട്ടമായ ദൈവസഭയെ മേയ്പാൻ അദ്ധ്യക്ഷന്മാരെ, അഥവാ മൂപ്പൻമാരെ നിയമിച്ചാക്കി വച്ചിട്ടുണ്ട്.  അത് ദൈവ സഭയുടെ നിലനില്പ്പിനാവശ്യമായ ആത്മീയ പോഷണം നൽകുന്നതിനും വിപരീതോപദേശക്കാരിൽ നിന്നും ആട്ടിൻകൂട്ടത്തെ സൂക്ഷിപ്പാനുമാണ്. ഇതാണ് പ്രവൃത്തി 20:28– വ്യക്തമാക്കുന്നത്. അതിനപ്പുറമുള്ള കാര്യങ്ങളെല്ലാം കർത്താവ് നേരിട്ടാണ് നടത്തുന്നത്.**

# ഭരണചക്രം തിരിക്കാൻ

**ക**ർത്താവിന്റെ കൃപയാൽ മാത്രം ന്യായവിധിയിൽനിന്നും രക്ഷപെട്ടവരുടെ അടുത്ത തലമുറകളുടെ പ്രതികരണമാണ് നാം ബാബേലിൽ കാണുന്നത്. “നമുക്കു ഒരു പേരുണ്ടാക്കുക” എന്ന ചിന്ത അവിടെ തുടങ്ങി. തുടക്കത്തിൽത്തന്നെ പരാജയപ്പെട്ടെങ്കിലും അത് നടപ്പിലാക്കുവാൻ പിശാച അശ്രാന്ത പരിശ്രമത്തിലാണ്. ദൈവത്തെ തോല്പ്പിക്കുക എന്നത് പിശാചിന്റെ എക്കാലത്തെയും ലക്ഷ്യമാണ്. അതിനു അവൻ വിശ്വാസിയെന്നോ അവിശ്വാസിയെന്നോ വ്യത്യാസമില്ലാതെ ആരെയും ഉപയോഗിക്കും. അതുകൊണ്ടാണ് പിശാചിനു ഇടം കൊടുക്കരുതെന്നു പൗലോസ് ഓർപ്പിക്കുന്നത്. പഴയ ബാബേൽ ചിന്തകൾ വീണ്ടും രഹസ്യമായ് പൊടിപൊടിക്കുന്നു. ദൈവവചനത്തേക്കാൾ നവീന ഉപദേശത്തെ ഇഷ്ടപ്പെടുന്നവർ അതിനു സ്തുതിപാഠകരും രഹസ്യമായി കുട പിടിക്കുന്നവരും ആകുമ്പോൾ അതിനു ശക്തി വർദ്ധിക്കാൻ സാദ്ധ്യത കൂടുതലാണ്. എന്നാൽ ദൈവവചനത്തെ സ്നേഹിക്കുന്നവർ ഒന്നിച്ചു നിന്നില്ലെങ്കിൽ ഈ പൈശാചിക ചിന്തകൾ വേർപാടു സമുഹത്തെ ഒന്നാകെ വിഴുങ്ങുന്നതിനു അധികം കാലം വേണ്ടിവരില്ല. കാരണം വേർപാടു സമൂഹത്തിന്റെ കാവൽക്കാരാകുവാൻ ശ്രമിക്കുന്ന പുതുപ്പണക്കാർ വളരെ ശക്തരാണ്. ഇപ്പോൾത്തന്നെ നമ്മുടേതെന്നു കരുതുന്ന പല സ്ഥാപനങ്ങളുടെയും അധികാരം ഇവർ കൈക്കലാക്കിക്കഴിഞ്ഞു.

ദൈവസഭയെക്കുറിച്ച് കർത്താവ് ആദ്യം പറഞ്ഞിരിക്കുന്നിടത്തുതന്നെ ‘പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല’ എന്നുകൂടി പ്രസ്താവിച്ചിരിക്കുന്നതിന് അർത്ഥം അതിനെതിരെ യുദ്ധവും പോരാട്ടവും എല്ലാം ഉണ്ടാകും എന്നാണ്. ‘അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ നടക്കേണ്ടതാകുന്നു’ (പ്രവൃത്തി 14:22) എന്ന് പൗലോസും ഓർപ്പിക്കുന്നു. വേർപാട് സഭകളെയും ശുശ്രൂഷരേയും സംരക്ഷിക്കാൻ എന്ന പേരിൽ നേതാക്കന്മാർ ആകുവാൻ ഉള്ള ശ്രമം ഉപേക്ഷിച്ചിട്ടില്ല എന്ന് പുതിയ വെളിപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു. കേരളത്തിൽ ഈ അടുത്ത കാലത്തുണ്ടായ ചില പ്രവൃത്തികളെ മുൻനിർത്തി വീണ്ടും അവ സജ്ജീവമാക്കുവാൻ ഉള്ള ഗൂഢശ്രമം നടക്കുന്നു. അതിന് സുവിശേഷകനമാരും മൂപ്പൻമാരുമായ ചിലരുടെ ഒത്താശകളുമുണ്ട്. അവർക്കും ഭാവിയിൽ ലഭിക്കാവുന്ന അവസരങ്ങൾ ആയിരിക്കാം വചനത്തേക്കാൾ വാഗ്ദത്തിലേക്ക് അവരെ നയിക്കുന്നത്.



കർത്താവ് തന്റെ സ്വന്തരക്തം വിലയായ് നൽകി സമ്പാദിച്ച ആട്ടിൻ കൂട്ടമായ ദൈവസഭയെ മേയ്പാൻ അദ്ധ്യക്ഷന്മാരെ, അഥവാ മൂപ്പൻമാരെ നിയമിച്ചാക്കിവച്ചിട്ടുണ്ട്. അത് ദൈവ സഭയുടെ നിലനില്പ്പിനാവശ്യമായ ആത്മീയ പോഷണം നൽകുന്നതിനും വിപരീതോപദേശക്കാരിൽ നിന്നും ആട്ടിൻകൂട്ടത്തെ സൂക്ഷിപ്പാനുമാണ്. ഇതാണ് പ്രവൃത്തി 20:28 – വ്യക്തമാക്കുന്നത്. അതിനപ്പുറമുള്ള കാര്യങ്ങളെല്ലാം കർത്താവ് നേരിട്ടാണ് നടത്തുന്നത്. ദൈവസഭ ആരംഭിച്ച് അധികം കഴിയും മുമ്പെ തന്നെ പീഢനങ്ങളും ആരംഭിച്ചു. എന്നാൽ ‘തിരുനാമത്തിന് വേണ്ടി അപമാനം സഹിക്കുവാൻ യോഗ്യരായി എണ്ണി’ എന്ന് നം കാണുന്നു. യാക്കോബിനെ കൊന്നപ്പോഴും പത്രോസിനെ കൊല്ലുന്നതിലുള്ള ഉദ്ദേശത്തോടെ പിടിച്ച് തടവിലാക്കിയപ്പോഴും ദൈവജനത്തിന്റെ പ്രതികരണം എന്തായിരുന്നു. നേതാക്കന്മാർ ആകുവാൻ ആഗ്രഹിക്കുന്ന ഇന്നത്തെ മിടുക്കന്മാർക്കുള്ള ബുദ്ധിയും വിവേകവും പ്രതികരണസ്വഭാവവും അന്നത്തെ ദൈവജനത്തിന് ഇല്ലായിരുന്നിരിക്കാം. അവർ ചെയ്തത് ശ്രദ്ധയോടുകൂടിയ പ്രാർത്ഥന എന്ന ആയുധം ഉപയോഗിക്കുകയാണ്.

യഹൂദന്മാരും ഹേരോദാവും പിന്നീട് റോമ ഭരണകർത്താക്കളും നടത്തിയ ഘോരമായ പീഢനങ്ങൾ സഭയേയൊ അതിന്റെ പ്രവർത്തനങ്ങളെയൊ തളർത്തുകയൊ തകർക്കുകയൊ അല്ല, മറിച്ച് അതിശക്തമായ നിലയിൽ വളർത്തുകയാണുണ്ടായത്. റോമൻ കത്തോലിക്ക മതം രൂപപ്പെട്ട ശേഷം ലക്ഷക്കണക്കിന് വിശ്വാസികളാണ് കൊല്ലപ്പെട്ടത്. പക്ഷെ ബന്ധനമില്ലാത്ത ദൈവവചനവും കർത്താവ് സ്ഥാപിച്ച സഭയും യഥേഷ്ടം മുമ്പോട്ട് പോയി. അന്ന് അവർക്ക് വേണ്ടി ന്യായം പറവാനും കേസുവാദിക്കുവാനും സംഘടിതമായ ഒരു നേതൃത്വവും ഉണ്ടായിരുന്നില്ല. ദൈവാത്മാവ് അവരെ ശക്തീകരിച്ചു. അവർ കർത്താവിന്നായി മരിപ്പാനും സന്നദ്ധമായി സുവിശേഷത്തിനായും സത്യത്തിനായും നിലകൊണ്ടു. കൊരിന്തിലുണ്ടായ പ്രശ്നങ്ങളുടെ തുടക്കം ശ്രദ്ധിക്കേണ്ടതാണ്. ചിലരെ നേ

(ശേഷം പേജ് 3)


സുരേഷ് എടക്കളത്തൂർ

8113023682


# വേദവിഹാരത്തിലെ ഭക്തിയും വിഭക്തിയും

**വേദവിഹാരത്തിലെ രൂപാവലി, ലിപി, വചനം, പ്രാഥമികഭാഷ, ദ്വീതീയ ഭാഷ, വിഭക്തി, വിഭക്തി പ്രത്യയങ്ങൾ ശൃംഖല എന്നിവകൾ എല്ലാം കേന്ദ്രീകരിക്കുന്നത് കവിയുടെ ഉപാസന പൂർണ്ണതയുടെ തേജോമയനായ ദൈവത്തിന്റെ ശ്രേയസ്കിരണങ്ങളാണ്.**

**മ**ഹാശയൻ കെ. വി. സൈമൺ മഹാകവിയുേ7ട പ്രസിദ്ധമായ വേദവിഹാരം ആധുനിക തലമുറക്ക് എത്രക്ക് പരിചയം എന്നത് ചിന്തിക്കേണ്ട വിഷയമാണ്. മലയാള ഭാഷക്കും സാഹിത്യത്തിനും വന്ന മാറ്റങ്ങൾ പലതും സാഹിത്യ സദസ്സുകൾ തന്നെ ഇല്ലായ്മ ചെയ്തിരിക്കുന്നു.

(സാഹിത്യസദസ്സുകൾ ഇല്ലെന്നില്ല) ആധുനീക കാലഘട്ടത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രയോജനം വളരെ ആവശ്യമാണ് എന്നാൽ തുല്യ പ്രധാന്യത്തോടെ മാതൃഭാഷ പഠനവും ഏറ്റവും ആവശ്യമായ ഒന്നാണ്. മലബാറിലും, കൊച്ചിയിലും, തിരുവിതാംകൂറിലും ഉണ്ടായിരുന്ന സാഹിത്യസദസ്സുകൾ തന്നെയാണ് ഭാഷയും വിഭക്തിയും വളർത്തിയത്. ഇവിടുത്തെ ഹിന്ദുമതം സൂക്ഷ്മമായി പഠിച്ച വിദേശമിഷനറിമാർക്ക് കവിതയും കാവ്യപരായണരീതിയും ഭാഷയുമായി വേർപെടുത്താൻ പറ്റാത്ത ഒന്നാണെന്ന് മനസ്സിലായി. അത് കൊണ്ടാണല്ലോ. കത്തോലിക്ക പുരോഹിതനായിരുന്ന അർണ്ണോസ് പാതിരി ‘പുത്തൻ പാന’ എന്ന ക്രിസ്തീയ കാവ്യം രചിക്കാൻ ഇടയായത്.

പാന എന്നതിന് കവിത സംബന്ധായി ഒരു ആശയം (a kind of rustic song) ഒരുതരം ഗാനരൂപം എന്നതാണ്. വൃത്തമഞ്ചരികളിൽ വലയം ചെയ്തിരിക്കുന്ന പദ്യസാഹിത്യത്തിന് വൃത്തം ഒരു പ്രധാന വിഷയം തന്നെയാണ്.

വേദവിഹാരത്തിലെ രൂപാവലി, ലിപി, വചനം, പ്രാഥമിക ഭാഷ, ദ്വീതീയ ഭാഷ, വിഭക്തി, വിഭക്തി പ്രത്യയങ്ങൾ ശൃംഖല എന്നിവകൾ എല്ലാം കേന്ദ്രീ

(ശേഷം പേജ് 3)

എഡിറ്റോറിയൽ

# സഭാദൗത്യം വേർപാടുസഭകളിൽ

കേരളക്കരയിൽ വേർപാടു സഭകൾ രൂപം കൊണ്ടിട്ട് നൂറ്റാണ്ടു പിന്നിട്ടു. എന്നാൽ നാം ഇന്നും ഒരു ചെറിയ സമൂഹം മാത്രമാണ്. അതിനു കാരണം ആൾക്കൂട്ടങ്ങളെ ആകർഷിക്കുന്ന ചെപ്പടി വിദ്യകൾ കാണിക്കുവാൻ അന്നത്തെ ദൈവജനവും ആദരണീയരായിരുന്ന ദൈവദാസന്മാരും ശ്രമിച്ചിരുന്നല്ല എന്നതാണ്. ഒരുകാലത്ത് നാമധേയ സഭകളെയും പാരമ്പര്യങ്ങളെയുമെല്ലാം വിട്ടു ദൈവവചനത്തിന്റെ പത്ഥ്യോപദേശത്തിനു വേണ്ടി നിലകൊണ്ടത് ഏറെ വിലകൊടുത്തുകൊണ്ടാണ്. അതിൽ വളരെ അഭിമാനിക്കയോ ഒരുതരത്തിൽ അഹങ്കരിക്കയോ പോലും ചെയ്തിരുന്നു. അവർക്ക് അത് അത്രയ്ക്കു ആവേശം നല്കിയിരുന്നു. എന്നാൽ കാലങ്ങൾ കഴിഞ്ഞപ്പോൾ അവർ ഒരുകാലത്ത് ആവേശത്തോടെ തങ്ങളുടെ ചുമലിലേറ്റിയിരുന്ന സത്യങ്ങൾക്കു വിരുദ്ധമായി ഒരോരുത്തരടേയും ഇംഗിതങ്ങൾക്കനുസരിച്ചു പഠിപ്പിക്കുവാനും സഭാഭരണം നടത്തുവാനും തുടങ്ങി. ദൈവവചനത്തേക്കാൾ ഇങ്ങനെയുള്ളവരുടെ വാക്കുകൾ ദിവ്യമായി പരിഗണിക്കപ്പെടുന്നു. ഇതിനെതിരായി ഞങ്ങളേപ്പോലുള്ള മാധ്യമങ്ങൾ പ്രതികരിക്കുന്നതൊഴിച്ചാൽ വിശ്വാസികളെ ഇനിയും വേണ്ടവിധത്തിൽ ബോധവൽക്കരിക്കുവാൻ കഴിഞ്ഞിട്ടില്ല.

ഏതു വിപരീതോപദേശവും സൗകര്യം പോലെ വിഴുങ്ങുന്ന കപട വേഷധാരികളായ ബ്രദറൺ ഉപദേഷ്ടാക്കൾക്കു വേണ്ടി എന്തു തീരുമാനങ്ങളും നടപ്പിൽ വരുത്തുവാനും അവർ പറയുന്ന എതു നവീന ഉപദേശവും യാതൊരു പരിശോധനയും കൂടാതെ അംഗീകരിക്കാനും തയ്യാറാകുന്നത് പിതാക്കന്മാർ വിലകെടുത്തു സംരക്ഷിച്ച പവിത്രോപദേശത്തെ നിരാകരിക്കുന്നതാണ്. ഇത് ദൈവവചനത്തിനു വേണ്ടി നിലകെള്ളുന്നു എന്നു ശഠിക്കുന്ന വേർപാടു സഭകൾക്കു ഭൂഷണമല്ല. ബ്രദറൺ അഥവാ വേർപാടുകാർ എന്ന സമൂഹത്തെക്കുറിച്ചു ശത്രുക്കൾ പോലും പറയുന്ന ഒരു പ്രയോഗമുണ്ട്; വേർപാടുകാരേപ്പോലെ ബൈബിൾ കൃത്യമായി പഠിപ്പിക്കുന്ന വേറൊരു കൂട്ടരില്ല. ഇത് വളരെ അഭിമാനത്തോടെയാണ് വേർപെട്ട വിശ്വാസികൾ കണ്ടിരുന്നത്. എന്നാൽ ഇന്നു അതിൽ യാതൊരു കഴമ്പുമില്ലായെന്നു ആധുനിക നേതാക്കന്മാരും അവരുടെ പിണിയാളുകളും കൂടി പലനിലയിൽ സമൂഹമദ്ധ്യേ വെളിപ്പെടുത്തിക്കൊണ്ടിരക്കുകയാണ്. അതിനുള്ള ഏറ്റവും പുതിയ തെളിവാണ് "സഭാദൗത്യം വേർപാടു സഭകളിൽ" എന്ന പുസ്തകത്തിനെതിരെ ഉയരുന്ന പടപ്പുറപ്പാട്.

പ്രർത്ഥനാപൂർവ്വം ദൈവവചനം സൂക്ഷമമായി പഠിക്കുന്ന ഒരു ദൈവപൈതലിന് വചനത്തിൽ മറഞ്ഞുകിടക്കുന്ന കാര്യങ്ങൾ ദൈവാത്മാവു വെളിപ്പെടത്തിക്കൊടുക്കും. വീണ്ടും വീണ്ടും വചനം പരിശോധിച്ചു ലഭിക്കുന്ന കാര്യങ്ങളുടെ യാഥാർത്ഥ്യം പൂർണ്ണമായ് ബോദ്ധ്യപ്പെടുമ്പോൾ അതു മറ്റു ദൈവമക്കളേക്കൂടി അറിയിച്ചു വചനത്തിന്റെ ശരിയായ പരിഞ്ജ്ജാനത്തിലേക്കു അവരെ നയിക്കുന്നതാണ് ഒരോ വിശ്വാസികളുടെയും കടപ്പാട്. ഇതാണ് വേർപാടു സഭകളുടെ രൂപീകരണത്തിനു വഴിയൊരുക്കിയത് എന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. അതിനു ജനത്തിന്റെ കയ്യടി ലഭിച്ചു കൊണ്ടിരിക്കന്നവർ തന്നെ വേണം എന്നു ശഠിക്കുന്നത് ദുരഭിമാനമാണ്; അല്ലാതെ പക്വതയുടെ ലക്ഷണമല്ല.

വേർപാടുകാർ എന്നാൽ ദൈവവചനത്തിൽ നിന്നു വേർപെടുന്നവർ എന്നു തോന്നുന്ന നിലപാടുകൾ സാധാരണ വിശ്വാസികളെ ഏറെ വേദനപ്പെടുത്തുന്നുണ്ടെന്നത് നാം അറിയാതെപോകരുത്. ഒരുകാലത്ത് തങ്ങൾ വിശ്വസിക്കുകയും ആചരിക്കുകയും ചെയ്തിരുന്ന പലതും ദൈവവചവചനാടിസ്ഥാനത്തിൽ ശരിയല്ലായെന്നു പ്രസംഗങ്ങളിലൂടെയും പഠിപ്പിക്കലുകളിലൂടെയും തങ്ങളെ ബോദ്ധ്യപ്പെടുത്തിയ ശ്രേഷ്ട ഉപദേഷ്ഠാക്കൾതന്നെ പിന്നീട് അതിനു വ്യത്യസ്തമായി പഠിപ്പിക്കുമ്പോൾ അത് ഇവരിൽ വലിയ ചിന്താക്കുഴപ്പമാണുണ്ടാക്കുന്നത്.

ഉന്നതരെന്നു സ്വയം കരുതിപ്പോരുന്ന നമ്മുടെ പല ഉപദേഷ്ടാക്കന്മാരും ഇന്നു പറയുന്ന പലതും വചനവിരുദ്ധമാണ്. ദുരുപദേശക്കാരിൽ നിന്നും വിവാഹബന്ധം കൂടാം, സഭയിൽ ജനായത്ത ഭരണമാണ് നടക്കേണ്ടത്, എന്നു തുടങ്ങി ദൈവവചനത്തിനു നിരക്കാത്ത ഒട്ടനവധി ഉപദേശങ്ങളെ കർണ്ണരസമാകുമാറു അവതരിപ്പിച്ചു കയ്യടി വാങ്ങി ജനത്തെ സത്യത്തിൽ നിന്നും പുറകോട്ടടിക്കുകയാണ് ഇവർ ചെയ്യുന്നത്. ഇവർക്കൊന്നും ഇവരുടെ സ്ഥലംസഭകളിൽ യാതൊരു അംഗീകാരവും ഇല്ലയെന്നത് പരസ്യമായ രഹസ്യമാണ്. ഇതൊന്നും തുറന്നു പറയുവാൻ ആളില്ല. മാത്രമല്ല പറയുന്നവരെ ഒറ്റയ്ക്കും കൂട്ടമായും ആക്രമിച്ചു കീഴ്പ്പെടത്താനുള്ള ശ്രമവും നടക്കുന്നു. ഇതുകൊണ്ടുള്ള വിപരീത ഫലത്തേക്കുറിച്ചു ഇവിടെ ആർക്കും ഒരു ആശങ്കയുമില്ല. ഇതു തിരിച്ചറിഞ്ഞില്ലെങ്കിൽ നമ്മുടെ അടുത്ത തലമുറ വചനത്തിന്റെ ശരിയായ ഉപദേശം അറിയാത്തവരായിത്തീരും എന്നതിൽ ലേശവും സംശയം വേണ്ട.

ഇപ്പോൾത്തന്നെ നമ്മുടെ യൗവ്വനക്കാരിൽ നല്ലൊരു പങ്കും ഞായറാഴ്ചത്തെ യോഗങ്ങൾക്കു മാത്രം വരുന്നവരാണ്. മാത്രമല്ല നമ്മുടെ പുതിയ തലമുറയിലെ എത്ര പേർക്കു വേർപാടുപദേശം കൃത്യമായി അറിയാം? എവിടെയാണ് നമുക്ക് തെറ്റിപ്പോയത്, ആരാണ് ഇതിനു ഉത്തരവാദികൾ? ഇതു തിരിരിച്ചറിയാതെ പാരമ്പര്യവും തലമുറയുടെ കണക്കും അവകാശപ്പെട്ടുകൊണ്ടിരുന്നാൽ സംഭവിക്കുന്ന നഷ്ടം നികത്താൻ പിന്നീട് കഴിഞ്ഞില്ലായെന്നു വരാം. അനാവശ്യമായ ശാഠ്യവും മറ്റുള്ളവരെ തകർക്കുവാനുള്ള പദ്ധതിയുമെല്ലാം ഉപേക്ഷിക്കാം. കർത്താവു നമ്മുടെ കണ്ണു തുറക്കട്ടെ....

# പ്രതികരണം

പ്രിയ എഡിറ്റർ,

ഈ നാളുകളിലായി നമ്മുടെ മാസികകളിൽ ഒരു വിഷയമാണല്ലോ സുവിശേഷകന്മാരും, ഫണ്ടുകളും, ഫണ്ടിന്റെ ചെയർമാൻ, പ്രസിഡന്റ് തുടങ്ങിയവർ ഒരു വിവാദമായി എഴുതികൊണ്ടിരിക്കുകയാണല്ലോ? എന്റെ അറിവിലും, അനുഭവത്തിലും ഉള്ള ചില കാര്യങ്ങൾ എഴുതുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ദൈവമക്കൾ കൊടുത്തില്ലെങ്കിൽ ഫണ്ടുകൾ ഇല്ല. ഫണ്ടുകൾ ഇല്ലെങ്കിൽ സെക്രട്ടറിയോ, ചെയർമാനോ, പ്രസിഡന്റോ ഇല്ല ഇതു നാം എല്ലാവരും തിരിച്ചറിയേണ്ടതുണ്ട്

എന്നാൽ സുവിശേഷകന്മാർക്കും വളരെ ഉത്തരവാദിത്വങ്ങൾ ഉണ്ട്. വിവാഹ ദല്ലാളന്മാരായി പ്രവർത്തിക്കുന്ന സുവിശേഷകന്മാർ നമ്മുടെയിടയിൽ പലരുമുണ്ട്. വിവാഹം നടന്നു കഴിഞ്ഞാൽ കണക്ക് പറഞ്ഞ് കമ്മീഷൻ ഇരുഭാഗത്തുനിന്നും വാങ്ങുന്നു. കുറഞ്ഞുപോയാൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരുമുണ്ട്. ഒരു വിവാഹത്തിനോ, ശവസംസ്ക്കാരത്തിനോ വന്നാൽ സംഭാവനവേണം. കൊടുത്തില്ലെങ്കിൽ ആ വീട്ടുകാരെ കുറ്റം പറയും. ഇതാണോ സുവിശേഷകന്റെ ജോലി? സുവിശേഷകന്റെ മക്കളെ നല്ല സ്കൂൾ, കോളേജ്, ഹയർസ്റ്റഡീസ് ഇവ ചെയ്യിക്കുന്നതിൽ ഒരു തെറ്റും ഇല്ല. നല്ലരീതിയിൽ പഠിപ്പിക്കുന്ന എയിഡഡ് സ്കൂൾ (ഇംഗ്ലീഷ് മീഡിയം, ഹയർ സെക്കന്റി) അടുത്ത് ഉണ്ടെങ്കിലും അവിടെ വിടാതെ അകലെയുള്ള സ്കൂളുകളിൽ ഫീസ് കൊടുത്ത് പഠിപ്പിക്കണം, അവിടെ ഹോസ്റ്റലിൽ താമസിപ്പിക്കണം, ആരാധനയ്ക്ക് പോകുവാൻ അവിടെ സൗകര്യം ഉണ്ടോ, ഇല്ലയോ, എന്ന് അന്വേഷിക്കുക പോലും ചെയ്യുകയില്ല. ഇങ്ങനെവിട്ട് പഠിപ്പിക്കുന്നതിന് ഫീസ് കൊടുക്കുവാനും, ഹോസ്റ്റൽ ഫീസിനും വീടുകളിൽ കയറി പിരിവു നടത്തുന്നു. ഇത് ശരിയാണോ ?

എന്റെ അറിവിൽ ഉള്ള ഒരു സംഭവം പറയുന്നു. 20 വർഷങ്ങൾക്ക് മുമ്പാണ്. നമ്മുടെ ഒരു സുവിശേഷകൻ ഒരു കാർ വാങ്ങി. സഹോദരന് ഇതുവാങ്ങാൻ കാശുണ്ടോ എന്ന് ദൈവമക്കൾ തിരക്കി. അപ്പോൾ പറഞ്ഞ മറുപടി 'എന്റെ മകനെ ആരാധനയ്ക്ക് കൊണ്ടുവരുവാൻ വേണ്ടിയാണ്'. മാതാപിതാക്കൾ ഞായറാഴ്ച ആരാധനയ്ക്ക് പോകുമ്പോൾ മകൻ പോകുകയില്ല. കൂട്ടുകാരുമൊത്ത് ചുറ്റിയടിക്കാൻ പോകുംപോലും. സഭയിലെ പല സഹോദരന്മാരും ഇത് സുവിശേഷകനെ ഓർമ്മപ്പെടുത്തി. കാറ് വാങ്ങിയാൽ ഡ്രൈവിങ്ങിന് താല്പര്യമുള്ളമകൻ യോഗത്തിന് വരും. സൈക്കിളിൽ പോകുന്ന, നടന്ന് ജോലിക്ക് പോകുന്ന, സ്വന്തമായി കാറ് ഉപയോഗിക്കുന്ന ഒരു കുടുംബവും ഇല്ലാത്ത ഈ സഭയിലെ ദൈവമക്കൾ കൊടുക്കുന്ന സംഭാവനയാണ് ഈ സുവിശേഷകന്റെ വരുമാനത്തിൽ നല്ല ഒരംശം എന്നു ഓർക്കണം. ഇത് വടക്കേ ഇന്ത്യയിൽ നടന്ന ഒരു സംഭവമാണ്. സ്വന്തം മക്കളെ അനുസരണത്തിൽ വളർത്താൽ സാധിക്കാത്ത സുവിശേഷകന്മാർ എന്തുവേലയാണ് ചെയ്യുന്നത്? നമ്മുടെ പല സുവിശേഷകന്മാരുടെ മക്കൾ ദൈവവഴി വിട്ട് ജീവിക്കുന്നുണ്ടെന്ന്. നമുക്ക് അറിയാമല്ലോ?

വിവാഹ മോചനം ഇത് ദൈവമക്കൾ എന്നു പറയുന്ന ബ്രദറുകാരുടെ മദ്ധ്യത്തിലും സർവ്വ സാധാരണമായിരിക്കുകയാണ്. പുനർ വിവാഹം നടത്തികൊടുക്കുവാൻ തയ്യാറായിരിക്കുന്ന നമ്മുടെ സുവിശേഷകന്മാരും ഒട്ടും കുറവല്ല. ഇതിൽ സ്റ്റേജുപ്രസംഗകരും ഉണ്ട്. അവസരം കിട്ടുന്നിടത്ത് ഇതിനെതീരെ കത്തിക്കയറുകയും ചെയ്യും ഇരട്ടത്താപ്പുകാർ. പെന്തകോസ്ത് വിഭാഗത്തിൽ ഉള്ള സുവിശേഷകന്മാരെ (പാസ്റ്റർ) കണ്ടാൽ നമുക്ക് വേഗത്തിൽ തരിച്ചറിയാം. എന്നാൽ ബ്രദറുകാരായ സുവിശേഷകന്മാരെ നമുക്ക് വഴിയിൽ വച്ച് കണ്ടാൽ മനസിലാക്കുവാൻ സാധിക്കുമോ? ലോകമനുഷ്യരെപ്പോലെയുള്ള വേഷവിതാനങ്ങൾ ആണ് ഇന്ന് നമ്മുടെ സുവിശേഷകന്മാരും അനുകരിക്കുന്നത്. ഫ്രെഞ്ച്താടി, കപ്പടാമീശ, ജീൻസ് തുടങ്ങിയവ.

ഇന്ന് ഗവൺമെന്റു ഓഫീസുകൾ, സ്കൂളുകൾ, പള്ളികൾ, ഇവ വിലക്കിയിരിക്കുന്ന വസ്ത്രങ്ങൾ ഇട്ടുകൊണ്ടാണ് പല പെൺകുട്ടികളും, യുവതികളും ആരാധനക്ക് വരുന്നത്. ആരെങ്കിലും ഇതിനെതിരായി എഴുതികണ്ടിട്ടില്ല. നമ്മുടെ ഒരു സഭയും ഇതിനെ വമർശിച്ചിട്ടില്ല, ശാസിച്ചിട്ടില്ല. കുറെ ക്യാമ്പുകൾ (വൈ.എം.ഇ.എഫ്., ബാലസംഘം) നടത്തിയതുകൊണ്ട് ഒരു പ്രയോജനവും കാണുന്നില്ല. 'ഈ ലോകത്തിന് അനുരൂപരാകാതെ' ജീവിക്കുവാൻ ഇത് ബോധിപ്പിക്കാതെ ലക്ഷങ്ങൾ മുടക്കി ക്യാമ്പ് സംഘടിപ്പിച്ച് തൃപ്തിപ്പെടുന്നതിൽ എന്ത് കാര്യം.?

എഴുത്തുകാരുടെ തൂലികകൾ ഇങ്ങനെയുള്ള കാര്യങ്ങളിൽ ചലിപ്പിക്കാതെ ഇരുന്നാൽ ഇനിയും നാം പലതും കാണുവാൻ ഇരിക്കുന്നതേയുള്ളു. ഈ മാസത്തെ സാന്ത്വനം മാസിക ലക്കം-9 (നവം-ഡിസം.) ൽ സ്തോത്ര സമർപ്പണശുശ്രൂഷ എന്ന വാർത്ത വായിച്ചു. പൊങ്ങ സഭാഹാളിന്റെ സ്തോത്രശുശ്രൂഷ ഇതിൽ വിവിധപരിപാടി ചെയ്തതായ 27 ആളുകളുടെ പേരുകൾ അച്ചടിച്ചു വന്നിട്ടുണ്ട്. ആളുകളുടെ പേരുകൾ അറിയിക്കുക എന്നതാണ് ഇന്നത്തെ പല പ്രസിദ്ധീകരണത്തിന്റെയും ലക്ഷ്യം. ഒരാൾക്കുതന്നെ പല പരിപാടികൾ.

ഈ മാസത്തെ സാന്ത്വനത്തിൽ സുവി: വറുഗീസ് മാത്യു ഉഴവൂർ എഴുതിയ 'ദുഃഖപൂർവ്വം ഒരു സ്മരണക്കുറിപ്പ്' വായിച്ചു. ഇത് സുവിശേഷകന്മാരും ചെയ്യുന്ന ഒരു പ്രവർത്തനമാണ്. ചില മാസങ്ങൾക്ക് മുമ്പ് ഞങ്ങൾ 10 സഹോദരന്മാർ ഒരുമിച്ച് ഒരുസ്ഥലത്ത് നിൽക്കുകയുണ്ടായി, അപ്പോൾ ഒരു മേജർ സുവിശേഷകൻ അവിടെ എത്തി. അതിൽ 8 പേർക്ക് കൈയ്യ് കൊടുത്തു. 2 പേർക്ക് കൊടുത്തില്ല. ഇത് എന്ത് സാഹോദര്യം സുവിശേഷകന്മാരിൽ സാമാന്യ മര്യാദപോലും പഠിച്ചിട്ടില്ലാത്തവർ ഇന്ന് നമ്മുടെ ഇടയിൽ ഉണ്ട്. ജോലിയോടുള്ള ബന്ധത്തിൽ ലോക മനുഷ്യരുമായി ഞാൻ ധാരാളം സമ്പർക്കം പുലർത്തിയിട്ടുണ്ട്. ഒരു ലോകമനുഷ്യരും ഇങ്ങനെ ചെയ്യുകയില്ല.

സുവിശേഷകന്മാരെ കുറ്റം പറയുന്നു എന്ന് വിചാരിക്കരുത്. മനസിലെ വിഷമം കൊണ്ട് എഴുതി എന്നേയുള്ളൂ. അവരെ ബഹുമാനിക്കുന്ന ആളുമാണ്. നമ്മുടെ സുവിശേഷകന്മാർ ലോകമനുഷ്യരെപ്പോലെ തരംതാഴാതെ, ദൈവത്തിന്റെ വേല ഉത്തരവാദിത്തത്തോടുകൂടി ചെയ്യണം. ഫണ്ടുകളുടെ സെക്രട്ടറിമാർ യജമാനന്മാർ അല്ല എന്നാൽ ദൈവത്തെക്കാൾ അവർ വലിയവരാണ് എന്ന ചിന്തയിലാണ് അവുടെ പ്രവർത്തനങ്ങൾ. മുൻ സെക്രട്ടറിയുടെ സമയത്ത് കെ.ഇ.എം.ഫണ്ടിന്റെ വരവിൽ വളരെ കുറവുണ്ടായത് എന്താണ്? ചിന്തിക്കണം.

പ്രാർത്ഥനയോടെ,

എ.എം.ജോയിക്കുട്ടി.
മൈലപ്ര

## ഉരുളയ്ക്കുപ്പേരി



# സത്യം നിങ്ങളെ സ്വതന്ത്രരാക്കും

(കഴിഞ്ഞലക്കം തുടർച്ച)

**പി. ടി. തോമസ്**, ജാംബുവ

**c. ആത്മപ്രവർത്തനത്തിന്റെ മൂന്നാംഘട്ടം** പെന്തെകൊസ്തു നാളിൽ മാളികമുറിയിൽ കൂടിയിരുന്ന ശിഷ്യഗണത്തിന്മേൽ പരിശുദ്ധാത്മാവ് ഇറങ്ങിവരികയും, പരിശുദ്ധാത്മാവിന്റെ ആഗമനത്തെ സാക്ഷ്യപ്പെടുത്തക്കവണ്ണം കൊടിയ കാറ്റും മുഴക്കവും അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകളുടെ പ്രത്യക്ഷതയും അന്ന് സംഭവിക്കുകയും ചെയ്തു. കർത്താവിന്റെ വാഗ്ദാനപ്രകാരം എന്നേക്കും സഭയോടുകൂടെ വസിക്കേണ്ടതിനു പരിശുദ്ധാത്മാവ് പരിശുദ്ധാമസ്നാനത്താൽ സഭ രൂപീകരിക്കുകയും, സഭയിൽ പരിശുദ്ധാത്മാവ് അധിവസിക്കുകയും ചെയ്തു. പരിശുദ്ധാത്മാവ് വന്നപ്പോൾ അവർ എല്ലാവരും ആത്മാവിനാൽ നിറയപ്പെടുകയും, ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി എന്ന് പ്രവൃത്തി. 2:4–ൽ കാണുന്നു. അന്നത്തെ പെന്തെകൊസ്തു നാളിലെ ഈ സംഭവങ്ങൾ ഇതേനിലയിൽ പിന്നീട് ആവർത്തിച്ചതായി തിരിവെഴുത്തിൽ ഒരു സ്ഥലത്തും നാം കാണുന്നില്ല.

ബേത്‌ലഹേമും, കാൽവരിയും ആവർത്തിക്കപ്പെടുവാൻ, അതായത് കർത്താവിന്റെ കന്യകാജനനവും ക്രൂശുമരണവും ആവർത്തിക്കപ്പെടാൻ പാടുള്ളതല്ല. പെന്തെകൊസ്ത് ആവർത്തിക്കപ്പെടാൻ പാടില്ലെങ്കിൽ പെന്തെകോസ്തുനാളിൽ ആത്മാവിന്റെ ആഗമനത്തിനായി കാത്തിരുന്നതുപോലുള്ള കാത്തിരിപ്പും ആവർത്തിപ്പാൻ പാടില്ല. കാരണം, ക്രിസ്തുവിന്റെ ജനനത്തിലും മരണത്തിലും തത്സംബന്ധമായ തിരുവെഴുത്തുകൾ നിവർത്തിയായതുപോലെതന്നെ, പരിശുദ്ധാത്മാവിന്റെ ആഗമനത്തെപ്പറ്റിയുള്ള പ്രവചനങ്ങൾ പെന്തെകൊസ്തു നാളിൽ സമ്പൂർണ്ണമായി നിറവേറ്റപ്പെട്ടു. മശിഹ ഭൂമിയിൽ ജനിപ്പാൻ ഒരാൾ ഇന്ന് കാത്തിരിക്കുന്നതുപോലെതന്നെ, പരിശുദ്ധാത്മാവ് പെന്തെകൊസ്തു നാളിലെപ്പോലെ വെളിപ്പെടുവാൻ ഇന്ന് കാത്തിരിക്കുന്നത് തെറ്റ് തന്നെയാണ്.

ഈ പുതിയ നിയമയുഗത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ ഏതും വിധം എന്നുള്ളതാണ് നാം ചിന്തിക്കാൻ പോകുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ മൂന്ന് വിധത്തിലാണ് ആ കാര്യം പുതിയ നിയമത്തിൽ വെളിപ്പെടുത്തിയിട്ടുള്ളതെന്ന് കാണാൻ കഴിയും.

# ഭരണചക്രം തിരിക്കാൻ

(1–ാം പേജ് തുടർച്ച)

താക്കന്മാർ ആയി തെരഞ്ഞെടുത്തുകൊണ്ട് പലകൂട്ടങ്ങളായി നിലകൊണ്ടപ്പോൾ പൗലോസ് അതിനെതിരെ വചനം എന്ന വാൾ ഉപയോഗിക്കുന്നു. അതല്ലാതെ നേതൃസ്ഥാനങ്ങളിലേക്ക് ചിലരെ അവരോധിക്കയല്ലാ ചെയ്തത്. സഭകൾക്കുള്ളിൽ മൂപ്പന്മാർ എന്ന നേതൃനിരയെ അല്ലാതെ സഭകളെ പൊതുവിൽ പ്രതിനിധാനം ചെയ്യുന്നതിനോ പൊതുവായി വ്യവഹാരമോ ഭരണമോ നടത്തുന്നതിന് കർത്താവ് ആരേയും നിയോഗിക്കാഞ്ഞത് പിന്നീട് ഉണ്ടാകാവുന്ന സാഹചര്യങ്ങളെക്കുറിച്ച് തനിക്ക് അന്ന് ബോധ്യം ഇല്ലാത്തതുകൊണ്ടായിരിക്കാം.


യിസ്രായേലിനെ നടത്തുവാൻ മോശെയെ ഏല്പിച്ചു. യാത്ര ആരംഭിച്ചു കഴിഞ്ഞപ്പോൾ അമ്മായി അപ്പന്റെ വാക്കുകേട്ടു ചിലരെ നേതാക്കന്മാർ ആക്കി. എന്നാൽ പിന്നീട് ആ നേതാക്കന്മാർ മേശെയ്ക്കും യിസ്രായേലിനും ഉണ്ടാക്കിയ അനുഭവം ചരിത്രത്തിന്റെ ഭാഗം. പിന്നീട് യിസ്രായേൽ രാജാവിനെ ആവശ്യപ്പെട്ട ജനം ദൈവീക ഭരണത്തെ ഉപേക്ഷിച്ചിരിക്കുന്നു എന്നാണ് ശമുവേൽ മുഖാന്തിരം പറയുന്നത് ‘രാജാവില്ലാതിരുന്ന കാലത്ത് ജനം തങ്ങൾക്ക് ബോധിച്ചവണ്ണം നടന്നു’ എന്ന് വായിക്കുമ്പോൾ രാജാക്കന്മാരുടെ കാലത്ത് എല്ലാം ശുഭമായിരുന്നു എന്ന് തോന്നിപോകാം. അതിന്റെ സ്ഥിതിയും നമുക്ക് അറിയാം. യിസ്രായേൽ രാജാവിനെ തിരഞ്ഞെടുത്ത വിധം തലയെടുപ്പുള്ള നേതൃസ്ഥാനം ഏൽപ്പിക്കുവാൻ പറ്റിയ എത്ര പേരെ കാണിച്ചു തരാം? സൗകര്യം പോലെ പെരുമാറുന്ന, സമ്പന്നൻമാർക്ക് കുട പിടിക്കുന്ന ഇവരെ എങ്ങനെ നമ്പാം? മാത്രമല്ല സ്വതന്ത്രമായ സ്ഥലം സഭകളുടെമേൽ ഇവർ ഭാവിയിൽ കർത്തൃത്വം നടത്തില്ല എന്നതിന് എന്താണ് ഉറപ്പ്. ഇന്നത്തെ പൊതു പ്രസ്ഥാനങ്ങളായ സ്റ്റുവാഡ്, ഫണ്ടുകൾ, മറ്റ് കമ്മറ്റികൾ ഇവയൊക്കെ മൂലം ഇന്നനുഭവിക്കുന്ന ദുരിതങ്ങൾ പോരാഞ്ഞിട്ടാണോ പുതിയ നേതൃത്വത്തിനായുള്ള ആവേശം. മുതലാളിമാരായ ചിലർക്കും അവരുടെ ഏറാൻമൂളികൾക്കും വേണ്ടി മുറവിളി നടത്തുന്ന ശുശ്രൂഷകന്മാരും (സുവിശേഷകൻമാർ തുടങ്ങി മൂപ്പൻമാർ വരെ) വിശ്വാസികളും ഒന്ന് മനസ്സിലാക്കണം. ശമുവേലിലൂടെ ദൈവം പറഞ്ഞതുപോലെ അവർ നാളെ നിങ്ങളെ അടിമകളാക്കും. അവരുടെ വെറും വാക്കുകളിൽ വഞ്ചിതരാകരുത്. ശ്രേഷ്ടന്മാർ എന്ന് കരുതുന്ന ഇവിടുത്തെ പൊതു ശുശ്രൂഷകർ ഇതിനെതിരെ ഒന്നും പറയില്ല. കാരണം ചിന്ത്യം.

പ്രാണൻ വിലയായ് കൊടുത്തവനേക്കാൾ ആകുലത ആധുനിക നേതാക്കന്മാർ ആകുവാൻ വെമ്പുന്ന ഇക്കൂട്ടരെ കാണുമ്പോൾ കരുതിയിരിക്കുക. ഇവർക്ക് ദൈവവചന വ്യവസ്ഥയോ ദൈവീക ആലോചനകളോ താല്പര്യം ഉള്ളവരല്ല. ആകയാൽ ഒരു സമുദായത്തിന്റെ കെട്ടുറപ്പോടെ നമ്മെ സംരക്ഷിപ്പാനുള്ള ഇവരുടെ നീക്കം വ്യാജമാണ്; അത് അനുവദിക്കരുത്. കർത്താവ് എല്ലാം അറിയുന്നവനും പലതും അനുവദിക്കുന്നവനുമാണ്. കൊല്ലാൻ പിടിക്കപ്പെട്ട പത്രോസിന്റെയും കൊല്ലുവാൻ ഇറങ്ങിയ ശൗലിന്റെയും ചരിത്രം വേഗം അവസാനിച്ചില്ല എന്നത് സ്മരിക്കാം. വിശ്വാസികളും ശുശ്രൂകന്മാരും ഇവരുടെ ഭംഗിവാക്കുകളിൽ വീഴരുത്. ഇപ്പോൾതന്നെ യാതൊരു ആദർശവും മാതൃകയും ഇല്ലാത്ത ഒരു പറ്റം നേതാക്കളാൽ നമ്മുടെ സമൂഹവും സ്ഥലംസഭകളും പൊതു മദ്ധ്യത്തിൽ അപമാനിക്കപ്പെട്ടും ചോദ്യം ചെയ്യപ്പെട്ടും കൊണ്ടിരിക്കുകയാണ്. ഏതൊരു കാര്യത്തിലായാലും വേർപെട്ട വിശ്വാസികളിൽ ഒരു ശതമാനം എങ്കിലും എതിർപ്പ് പ്രകടിപ്പിക്കുന്നുവെങ്കിൽ അതിന് ദൈവവചനത്തിന്റെ മുഴു പിന്തുണയും ഉള്ളത് കൊണ്ടാണെന്ന് തിരിച്ചറിയണമെങ്കിൽ അധികാര ഭ്രമത്തിൽ നിന്നും പുറത്ത് വരണം.

പ്രിയരെ, നമ്മുടെ ജീവിതത്തിൽ വരുന്നതെന്തും ദൈവം അറിഞ്ഞും അനുവദിച്ചുമാണെന്നും തിരിച്ചറിഞ്ഞു കർത്താവിന് പ്രവർത്തിപ്പാൻ അവസരം കൊടുക്കുക; അവിടുന്നാണ് നമ്മുടെ കാര്യസ്ഥൻ. സ്വർഗ്ഗത്തിലും ഭൂമിയിലും അധികാരമുള്ളവൻ. അവിടുത്തെക്കൊണ്ട് കഴിയാത്തത് ആരാലും സാദ്ധ്യമല്ല. കാലഘട്ടത്തിനനുസരിച്ചു നാം മാറിയാൽ നമ്മുടെ പിതാക്കന്മാർ ചെയ്ത പലതും തെറ്റായിപ്പോയെന്നു സമ്മതിക്കേണ്ടി വരും. പൗരോഹിത്യ സഭകളിൽ നിന്നും മറ്റും വേർപെട്ടു വരുന്നവരെ തിരികെപ്പോകുവാൻ പ്രേരിപ്പിക്കുന്നത് ഗുരുതരമായ തെറ്റാണ്. ദൈവമക്കളുടെ ഏതു പ്രശ്നങ്ങളും ദൈവത്തോടു അറിയിച്ച് പരിഹാരം തേടുക എന്നതാണ് പ്രമാണം. പൗലോസ് ഓർപ്പിക്കുന്നതും അതാണ്. “..നാം സർവഭക്തിയോടും ഘനത്തോടുംകൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിനു ... രാജാക്കനമാർക്കും അധികാരസ്ഥർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യണം” (1 തിമൊ 2:1,2). ദൈവമക്കൾക്കുള്ള പ്രമാണം ഇതായിരിക്കെ പുതിയ സംവിധാനങ്ങൾക്കുള്ള ഏതുദ്യമവും വചനത്തോടു മറുതിക്കുന്നതിനു തുല്യമാണ്. ഭരണചക്രം തിരിക്കുവാൻ വെമ്പുന്നവർ അത് തിരിച്ചറിയട്ടെ.

# വേദവിഹാരത്തിലെ ഭക്തിയും വിഭക്തിയും

(1–ാം പേജ് തുടർച്ച)



കരിക്കുന്നത് കവിയുടെ ഉപാസന പൂർണ്ണതയുടെ തേജോമയനായ ദൈവത്തിന്റെ ശ്രേയസ്കിരണങ്ങളാണ്.

**വേദവിഹാരത്തിലെ ഭുജംഗ പ്രയാതം**

**അധ്യായം 28.**

‘യാക്കോബിന്റെ പദ്ദൻ– ആരാമിലേക്കുള്ളയാത്ര’.

വൃത്തം: ഭുജംഗ പ്രയാതം

‘ഭു’ പദ്യസാഹിത്യത്തിലെ ഒരു വൃത്തത്തിന്റെ പേരാണ് ‘ഭുജംഗപ്രയാതം’. ഹൈന്ദവ സാഹിത്യത്തിൽ ഭുജംഗപ്രയാത വൃത്തത്തിലുള്ള വിവിധ കാവ്യങ്ങൾ ഉണ്ട്. അവയിൽ ചിലതു ‘ശ്രീരാമഭുജംഗം, ശിവഭുജംഗ്, ശ്രീകൃഷ്ണഭുജംഗം, വിഷ്ണുഭുജംഗ സ്തോത്രിമാല, എന്നിവയാണ്. ‘ഭുജംഗം’ എന്ന സംസ്കൃത പദത്തിന് ‘സർപ്പം’ എന്നാണ് അർത്ഥം. ഭുജംഗപ്രയാതം എന്നാൽ സർപ്പത്തിന്റെ ഗതി (സഞ്ചാരം) എന്നതാണ് ആശയം. സർപ്പം ഇഴയുന്നതുപോലെയുള്ള ആരോഹണ മധ്യ അവരോഹണരൂപം (Fluctuation) സംസ്കൃതം ഉൾപ്പെടെയുള്ള ആര്യഭാഷകളിൽ കവിതകൾക്ക് ഈ രൂപം കാണാൻ കഴിയും. ഓർത്തഡോക്സ്, കൽദയസുറിയാനി (സെസ്തോറിയൻ) സഭകളിലെ സുറിയാനീ ഗീതങ്ങളുടെ ചില രീതികളും ആലാപനശൈലികളും, കേരളത്തിലെ ഉണർത്തുപാട്ടുകളും തെയ്യം പാട്ടുകളും തമ്മിലുള്ള ചില സാദൃശ്യങ്ങൾ ഉദാഹരണങ്ങളാണ് കേരളീയ സംസ്കൃത മലയാള പണ്ഡിതന്മാരുടെ കൃതപദ്യകൃതികൾ പലതും ഭുജംഗപ്രയാതരീതിയിൽ ആലപിക്കാൻ കഴിയുന്നതാണ്. മേൽപ്പുത്തുർ നാരായണ ഭട്ടതിരിയുടെ നാരായണീയം, പുന്താനം നമ്പൂതിരിപ്പാട്ടിന്റെ ജ്ഞാനപ്പാനയും ആലാപനരീതിയിൽ ഇതേവിധത്തിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നു.

**വേദവിഹാരത്തിലെ ഭുജംഗ പ്രയാത വൃത്തം**

പട്ടാമ്പി സാരസ്യനോദ്യേതിനി സംസ്കൃത പാഠശാലയുടെ ആചാര്യൻ ബ്രഹ്മശ്രീ പുന്നശ്ശേരി തമ്പി നീലകണ്ഠശർമ്മയുടെ സംസ്കൃഭാഷയിലെ ഒരു ആശംസ സന്ദേശം (മലയാള ലിപിയിൽ) വേദവിഹാരത്തിന്റെ പേജിൽ ദർശിക്കാൻ കഴിയും.

അതിലെ ഒരു പ്രയോഗം വളരെ ചിന്തിക്കേണ്ടതാണ്.... കൈരള്യാം ദ്രാവിഡവൃത്തൈർ വിശദീകൃതാനി... ഭുജംഗ പ്രയാത വൃത്തവും ഉൾപ്പെട്ടുകൊണ്ട് ദേവനാഗരീയുടെ യുണിഫോമിൽ നിന്നും ലളിതമായ നാടൻ വേഷത്തിൽ മലയാള ലിപിയിൽ മഹാകാവ്യത്തെ രചിച്ച് അത് പ്രസിദ്ധമായി തീരാൻ പോകുന്ന ആ ദർശനം വിദൂര വീക്ഷണത്തിൽ കണ്ടു പുന്നശ്ശേരി തമ്പി നീലകണ്ഠശർമ്മ മഹാകവിയെ അഭിനന്ദിച്ചിരിക്കുന്നു. എണ്ണയുടേയും നെയ് വിളക്കിന്റേയും ധൂപപുഷ്പ ഗന്ധങ്ങളുടെ സാന്നിദ്ധ്യത്തിൽ മാത്രം പാരായണം ചെയ്യപ്പെടുന്ന. ശിവഭുജംഗത്തേക്കാളും ശ്രീരാമ ഭുജംഗത്തേക്കാളും വേദവിഹാരം ജനഹൃദയങ്ങളിൽ പ്രകാശം ചൊരിയും എന്നാണ് അദ്ദേഹം ഉദ്ദേശിച്ചത് എന്ന് ആ ആശംസ പത്രത്തിൽ കാണാൻ കഴിയും. കേകവൃത്തത്തിൽ ആരംഭിച്ച് കേക വൃത്തത്തിൽ തന്നെയാണ് വേദവിഹാരം അവസാനിക്കുന്നത്.

വേദവിഹാരത്തിലെ ഭക്തിയും, വിഭക്തിയും വിചിന്തനം ചെയ്യപ്പെടേണ്ടതാണ്. ആര്യഭാഷപദങ്ങളും ദ്രാവിഡ ശൈലിയും വിളക്കിചേർക്കുന്നതിൽ കവിയുടെ പാണ്ഡിത്യം വെളിപ്പെടുന്നു.

സംവൃതാകാരത്തിന് പകരം ‘ന’ കാരത്തിൽ ഉള്ളരൂപം കാണാൻ കഴിയുന്നു. ഉദാഹരണം ആദം വേദവിഹാരത്തിൽ ‘ആദമൻ’ യോസേഫിന്. യുസഫൻ, സോദോം = സുഭമം എന്നിങ്ങനെ പോകുന്നു. സെമിറ്റിക്ക് ഭാഷയുടെ (കൽദയസുറിയാനി, അറബി, ഇബ്റീത്ത്, എബ്രായ) പദങ്ങളെ ഭാരതീയവൽക്കരണം ചെയ്ത് കാവ്യത്തിന്റെ അലങ്കാരം കവി വർദ്ധിപ്പിച്ചിരിക്കുന്നു. വേർപെട്ട ക്രിസ്തീയ വിഭാഗങ്ങളിൽ അവരുടെ സാഹിത്യ വേദികളിൽ പ്രമുഖസ്ഥാനം തന്നെയാണ് വേദവിഹാരം പോലുള്ള കൃതികൾക്ക് ഉള്ളത്. എന്നാൽ സംഘടനാ വ്യത്യാസം കൂടാതെ ഇത്തരം വിഷയങ്ങൾ വിചിന്തനം ചെയ്യാൻ ബഹുമാന്യരായ സഭാനേതൃത്വങ്ങൾ ശ്രദ്ധിച്ചാൽ അത് പ്രയോജനം ചെയ്യും.

**എം.ജെ.പി. യുമായി ഒരു അഭിമുഖം**

# സാധാരണക്കാരുടെ പാട്ടുകാരൻ

**?. ബാല്യകാലം വിവരിക്കുമോ?**

1931 ജൂലൈ മാസം 22-ാം തീയതി പരേതനായ സുവി. എം. യോഹന്നാൻ മറിയം യോഹന്നാൻ എന്നീ ദമ്പതികളുടെ മകനായി ജനിച്ചു. മാതാപിതാക്കന്മാരുടെ ശിക്ഷണത്തിലും, അഭ്യസനത്തിലും വളർന്നു. ആത്മീയ കാര്യങ്ങളിൽ അവർ വളരെ ഉത്സാഹികളായിരുന്നതിനാൽ എന്നെയും എല്ലാ യോഗങ്ങൾക്കും കൊണ്ടുപോകുമായിരുന്നു. അതുകൊണ്ട് ബാല്യം മുതൽ ആത്മീയതയിൽ വളർന്നു വന്നു. സ്കൂളിൽ പോകുവാൻ പ്രായമായപ്പോൾ പഠിത്തം ആരംഭിച്ചു. മലയാളം 4 ക്ലാസ്സ് വരെമാത്രമേ പഠിക്കുവാൻ സാധിച്ചൊള്ളു. അടുത്ത് സ്കൂളുകൾ വേറെ ഇല്ലാതിരുന്നതിനാലും, ദൂരെ വിട്ടു പഠിപ്പിക്കുവാനുള്ള സാമ്പത്തീകബുദ്ധിമുട്ട് നിമിത്തവും പഠിത്തം നിർത്തി. ആത്മീയമായി സന്തോഷമായിരുന്നു.

**?. കുടംബ പശ്ചാത്തലവും രക്ഷിക്കപ്പെട്ട അനുഭവവും**

സാമ്പത്തീകമായി യാതൊരു സൗകര്യങ്ങളും ഇല്ലാത്ത ഒരു കുടുംബമായിരുന്നു. മാതാപിതാക്കന്മാർ കൂലിവേല ചെയ്താണ് കുടുംബം പോറ്റിവന്നത്. വളരെ ദാരിദ്രത്തിലും, ഞെരുക്കത്തിലും കഴിഞ്ഞുവന്നിരുന്നു. എങ്കിലും കർത്താവ് നിലനിറുത്തി. പിതാവിന്റെ ആത്മീയ ദർശനം എത്രയും ആഴമേറിയതായിരുന്നു. പകൽ മുഴുവനും എത്ര അദ്ധ്വാനിച്ചാലും ഒരു രാത്രി യോഗം പോലും മുടക്കുകയില്ലായിരുന്നു. ഇന്ന് എനിക്ക് ക്ഷീണമാണ് എന്നു പറഞ്ഞ് ഒരിക്കലും വീട്ടിൽ ഇരുന്നിട്ടില്ല. ആ മാതാപിതാക്കന്മാരുടെ ആത്മീയ തീഷ്ണത മക്കൾക്ക് വലിയ മാതൃകയായി. ആവേശമായി. അങ്ങനെ ഞങ്ങളും ആ നല്ല പാതകളെ പിന്തുടർന്നു. ലൗകീകമായി ഒന്നും ഇല്ലായിരുന്നുവെങ്കിലും ആത്മീയമായി ഞങ്ങൾ സമ്പന്നരായിരുന്നു. ഞങ്ങൾ ഉൾപ്പെട്ടു നിന്നിരുന്ന ക്രാരിയേലി ബ്രദറൺസഭയുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും കൺവെൻഷൻ അനുഗ്രഹകരമായി നടക്കാറുണ്ട്. സ്വദേശികളും, വിദേശികളുമായ നല്ല പ്രഗത്ഭരായ പ്രസംഗകർ വചനം പ്രസംഗിക്കുവാൻ വരുമായിരുന്നു. വചനം കേൾക്കുവാൻ ആർത്തിയോടെ ജനങ്ങൾ ധാരാളമായി വന്നുകൊണ്ടിരുന്നു. 1946 മാർച്ച് മാസത്തിൽ നടന്ന കൺവെൻഷൻ യോഗത്തിൽവെച്ച് (15-ാം തീയതി) കർത്താവിനെ എന്റെ രക്ഷിതാവായി സ്വീകരിപ്പാനുള്ള മഹാ ഭാഗ്യം ഉണ്ടായി. Mr. A.L. Goold (Newzealand) എന്ന മിഷനറിയാണ് അന്ന് പ്രസംഗിച്ചത്. ആദിവസം അന്നെന്നപോലെ ഇന്നും ഓർക്കുന്നു. കർത്താവിനെ രക്ഷിതാവായി സ്വീകരിപ്പാൻ താല്പര്യമുള്ളവർ എഴുന്നേറ്റു നിൽക്കുവാൻ ആവശ്യപ്പെട്ടപ്പോൾ ആ കൂട്ടത്തിൽ ഞാനും എഴുന്നേറ്റു നിന്ന് കർത്താവിനെ സാക്ഷിച്ചു. ദൈവനാമം വാഴ്ത്തപ്പെടുമാറാകട്ടെ. തുടർന്ന് മാതാപിതാക്കളോടുകൂടെ ക്രിസ്തീയ ജീവിതത്തിൽ വളർന്നുവന്നു. പിറ്റേവർഷം നടന്ന (1947) കൺവെൻഷനിൽ സ്നാനപ്പെടുവാനും ഇടയായി. തുടർന്ന് ക്രാരിയേലി സഭാ ബന്ധത്തിൽ ഉത്സാഹമായി മുമ്പോട്ടുപോയി.

**?. പിതാവിന്റെ ചില ഓർമ്മകൾ ചുരുക്കി പ്പറയാമോ?**

പിതാവിന് വിദ്യാഭ്യാസം ഒട്ടും ഇല്ലായിരുന്നു. വേദപുസ്തകം വായിക്കുവാനുള്ള ആർത്തികൊണ്ട് രാത്രിയിൽ ഇരുന്ന് നിലത്തെഴുത്ത് പഠിച്ചു പിന്നെ വളരെ ബന്ധപ്പെട്ട് അക്ഷരങ്ങൾ കൂട്ടിവായിക്കുവാൻ സാധിച്ചു. (മറ്റുയാതൊരു പുസ്തകവും വായിച്ചിരുന്നില്ല) അങ്ങനെ വേദപുസ്തകം വായിക്കുവാനുള്ള കഴിവ് ദൈവം കൊടുത്തു. വേദപുസ്തകം വായിക്കുവാൻ ഇടയായതിൽ താൻ വളരെ സന്തോഷിക്കയും ആവോളം വായിക്കുകയും ചെയ്തിട്ടുണ്ട്. സമയം ഒട്ടും നഷ്ടപ്പെടുത്താതെ എപ്പോഴും വായിക്കുകയും പഠിക്കുകയും, ധ്യാനിക്കുകയും ചെയ്തുകൊണ്ടിരുന്നു. തനിക്ക് ലഭിക്കുന്ന ആലോചനകൾ യോഗങ്ങളിൽ പറയുവാനുള്ള ആഗ്രഹം ഉണ്ടായിരുന്നതിനാൽ അതിനുള്ള അവസരം താൻ ഉൾപ്പെട്ടുനിന്ന മാർത്തോമ്മ സഭയിൽ കിട്ടുകയും ചെയ്തു. തുടർന്ന് താമസിയാതെ താൻ ഒരു പ്രസംഗകനായിത്തീർന്നു. അതിനുള്ള ഒരു കൃപാവരം ദൈവം തനിക്ക് കൊടുത്തു. തുടർന്ന് വേദപുസ്തം വായിച്ചു വന്നപ്പോൾ വിശ്വാസ സ്നാനത്തെ സംബന്ധിച്ച് ബോദ്ധ്യം വരികയും പരേതനായ സുവി. പി. വി. ജോസഫ് (വേങ്ങൂർ) മുഖാന്തിരം താമസിയാതെ സ്നാനപ്പെടുകയും ചെയ്തു. പിന്നീട് വേങ്ങൂർ നിന്നും ക്രാരിയേലിക്ക് താമസം മാറ്റി. അപ്പോൾ അവിടെ ഒരു ചെറിയ സഭാകൂടിവരവുണ്ടായിരുന്നു. ( പി. വി. ജോസഫ് മുഖാന്തിരം ആരംഭിച്ചതാണ്) പിതാവ് ഇവിടെ വന്ന് ജോലിയോടുകൂടി സുവിശേഷ പ്രവർത്തനങ്ങളും തുടങ്ങി. സമുദായത്തിൽ നിന്ന് പലരും രക്ഷിക്കപ്പെട്ട് സ്നാനപ്പെടുവാൻ ഇടയായി. സഭ അതിവേഗം വളർന്നു കൊണ്ടിരുന്നു. പിന്നീട് താൻ കൂലിവേല നിർത്തി 25 വർഷം സുവിശേഷ വേലയിൽ ആയിരുന്നു. ഈ സ്ഥലത്തുമാത്രമല്ല, മറ്റു പല സ്ഥലങ്ങളിലും പോയി താൻ ശുശ്രൂഷകൾ ചെയ്തിട്ടുണ്ട്. ഇവിടെ ഒരു നല്ല സഭ ഉണ്ടാകുവാൻ ഇടയായി. തന്നെ ദൈവം മാനിക്കയും, അനുഗ്രഹിക്കയും ചെയ്തു. ആ നല്ല പിതാവിന്റെ നല്ല മാതൃകകളെ പിന്തുടരുവാൻ കർത്താവ് ഞങ്ങളെയും സഹായിച്ചു. സ്തോത്രം.

**?. ബാലസംഘവുമായിട്ടുള്ള ബന്ധം?**

ബാലസംഘം ഈ ഭാഗങ്ങളിൽ ഉണ്ടാകുന്നതിനുമുമ്പ് ഞാൻ തൃശ്ശൂർ ബാസംഘക്യാമ്പുകളിൽ പോയി പങ്കെടുത്തിട്ടുണ്ട്. ക്രാരിയേലിയിൽ നിന്ന് സണ്ടേസ്കൂൾ കുട്ടികളേയും കൊണ്ടു പോയിട്ടുണ്ട്. ചില നാളുകൾ കഴിഞ്ഞ് ഇവിടെ ബാലസംഘം ഉണ്ടായി. വാളകം സെന്റർ രൂപീകരിക്കപ്പെട്ടു. പലയിടത്തും ശാഖകൾ ഉദ്ഘാടനം ചെയ്തു. ബാലസംഘം അനുഗ്രഹമായിനടന്നുവന്നു. എന്റെ കഴിവിനനുസരിച്ച് ആ പ്രവർത്തനങ്ങളിൽ കഴിയുന്നേടത്തോളം കുട്ടികളെ പങ്കെടുവിപ്പിക്കുവാനായി ഏകദിന സമ്മേളനങ്ങളിലും, ക്യാമ്പുകളിലും കൊണ്ടുപോകുവാൻ സാധിച്ചിട്ടുണ്ട്. ആവോളം അതിൽ പ്രവർത്തിക്കുവാനും, ചില ചുമതലകൾ വഹിക്കുവാനും ഇടയായിട്ടുണ്ട്. മാത്രമല്ല ക്രാരിയേലി ശാഖയെ നല്ല നിലയിൽ വളർത്തിയെടുക്കുവാനും ഇടയായിട്ടുണ്ട്. എല്ലാം ദൈവത്തിന്റെ കൃപമാത്രം. കൂടാതെ വൈ. എം. ഇ. എഫിന്റെ പ്രവർത്തനങ്ങളിലും, മാസയോഗത്തിന്റെ വേലകളിലും സജീവമായി പങ്കെടുത്തിട്ടുണ്ട്.

**?. ലേഖനങ്ങളും പാട്ടുകളും എഴുതുവാൻ ആരംഭിച്ചത് എന്നാണ്?**

എന്റെ ചെറുപ്പകാലങ്ങളിൽ പാട്ടുകൾ പാടുവാൻ പല സ്ഥലങ്ങളിലും പോയിട്ടുണ്ട്. (അന്ന് ഗായകസംഘം ഇല്ലായിരുന്നു) ആകാലങ്ങളിൽ ഈ ഭാഗങ്ങളിൽ കൺവെൻഷനിൽ പാട്ടുകൾ പാടുന്നത് ഞാനും, വേറെ ചില സഹോദരന്മാരും ചേർന്ന് ആയിരുന്നു. ലീഡർ ഞാനായിരുന്നു. പാട്ടുകളൊന്നും ആനാളുകളിൽ എഴുതിയിട്ടില്ല. പിന്നീട് ദൈവം തന്ന എളിയ കഴിവും, പ്രേരണയുമനുസരിച്ച് ചില ഗാനങ്ങൾ എഴുതി. എന്റെ ആത്മീയഗുരുവും, എന്നെ വളരെ സ്നേഹിക്കയും എന്റെ ശുശ്രൂഷകളിൽ സന്തോഷിക്കയും ചെയ്തിരുന്ന പ്രിയസാറിനെ (എം.ഇ.സി ) എഴുതിയ ചില ഗാനങ്ങൾ കാണിച്ചു. സാറിന്റെ വലിയ സഹകരണം കിട്ടി. സാറിന്റെ മരണശേഷവും ഈ ശുശ്രൂഷ തുടർന്ന്കൊണ്ടിരുന്നു. ഇപ്പോഴും വല്ലപ്പോഴും ചിലത് എഴുതുന്നുണ്ട്. 25-ൽ അധികം ഗാനങ്ങൾ എഴുതി. 10 ഗാനങ്ങൾ അടങ്ങുന്ന ഒരു കാസറ്റ് ഇറക്കുവാനും സാധിച്ചു. ദൈവമക്കളുടെ നല്ല സഹകരണം ഈ കാര്യത്തിലും ലഭിച്ചു. പല ഗാനങ്ങളും പുറത്തുവന്നത്, ഭാരങ്ങളിൽ രോഗങ്ങളിൽ, ദുഖങ്ങളിൽ, ഒക്കെയാണ്. ഭാവിയെ ഓർത്തപ്പോൾ ചില പ്രത്യാശഗാനങ്ങളും എഴുതി സന്തോഷിപ്പാൻ ഇടയായി. 1966- മുതൽ നമ്മുടെ ആദ്യകാലമാസികയായിരുന്ന സത്യപ്രകാശിനിയിൽ ചില ലേഖനങ്ങൾ എഴുതി. കർത്തൃദാസൻ. ഏ. പി. പൈലി അവർകൾ അത് പ്രസിദ്ധീകരിച്ച് പ്രോത്സാഹിപ്പിച്ചു. കുറെകഴിഞ്ഞ് ബഹുമാനപ്പെട്ട എം. ഇ. ചെറിയാൻ സാർ സുവിശേഷകൻ എന്ന മാസിക ആരംഭിച്ചു. ആദ്യം ചില ലേഖനങ്ങൾ അതിലും എഴുതി. ചെറിയാൻ സാറിന്റെ വലിയ സഹകരണത്താൽ തുടർന്ന് ഇടയ്ക്കിടക്ക് എഴുതിക്കൊണ്ടിരുന്നു. സാറിന്റെ മരണശേഷം അധികം എഴുതിയില്ല. പിന്നീട് സുവിശേഷധ്വനിയിൽ കുറെ ലേഖനങ്ങൾ എഴുതി. പലരിൽ നിന്നും പ്രോത്സാഹനവും ലഭിച്ചു. ഇപ്പോൾ സാന്ത്വനം മാസികയിൽ വല്ലപ്പോഴും എഴുതുന്നുണ്ട്. ഇത്രയുമൊക്കെ ചെയ്യുവാനേ സാധിച്ചൊള്ളു. ഞാൻ എഴുതിയിട്ടുള്ള ലേഖനങ്ങളിൽ ചിലത് ചേർത്ത് ജീവമൊഴികൾ എന്ന പേരിൽ ഒരു ചെറിയ പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കർത്താവിന് മഹത്വം.

**?. സഭാ പ്രവർത്തനം എങ്ങനെയാണ്. സുവിശേഷവേലയിൽ എത്ര വർഷം?**

എന്റെ മാതൃസഭ ക്രാരിയേലിയാണ്. അവിടെ ദീർഘവർഷങ്ങൾ സഭാശുശ്രൂഷകളിലും, മറ്റു പ്രവർത്തനങ്ങളിലും പങ്കെടുത്തു. ചുറ്റുപാടുകളിൽ ഭവനസന്ദർശനം, രാത്രീയോഗങ്ങൾ, പരസ്യയോഗങ്ങൾ ഒക്കെ നടത്തുന്നതിൽ ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്. ക്രാരിയേലി സഭയുടെ ചുമതലയിൽ ആരംഭിച്ചതായ വേങ്ങൂർ, കോട്ടപ്പടി സഭകളുടെ ആദ്യനാളുകളിലും, കോടനാട് സഭയുടെ പ്രാരംഭകാലങ്ങളിലും സഹകരിപ്പാൻ കർത്താവ് സഹായിച്ചു. 3 വർഷത്തോളം വേങ്ങൂർ സഭയിൽ പ്രവർത്തിപ്പാൻ (സ്ഥിരമായി) കർത്താവ് കൃപതന്നു. ഇപ്പോൾ 18 വർഷമായി ക്രാരിയേലിയിൽ നിന്നും രണ്ടു കിലോമീറ്റർ വടക്ക് പാണംകുഴി എന്ന സ്ഥലത്ത് ഒരു ചെറിയ കൂടിവരവ് ഉണ്ടാകുവാനും, ആ സഭയുടെ ശുശ്രൂഷയിലും, പ്രവർത്തനങ്ങളിലും സഹകരിച്ചുമുമ്പോട്ടു പോകുന്നു. സണ്ടേസ്കൂൾ, ഭവനയോഗങ്ങൾ, സഭായോഗം എന്നിവ മുടങ്ങാതെ നടക്കുന്നു. ഇടയ്ക്ക് ഭവനസന്ദർശനവും ചെയ്തുവരുന്നു. എല്ലാ വർഷവും ഈ സ്ഥലത്ത് മുടങ്ങാതെ കൺവെൻഷൻ നടക്കുന്നത് വലിയ അനുഗ്രഹമാണ്. സുവിശേഷവേലയിൽ ഈ കഴിഞ്ഞ ആഗസ്റ്റ് 22-ന് 40 വർഷം പൂർത്തിയായി. സുവിശേഷവേല ആരംഭിച്ച നാളുകളിൽ വളരെ ഞെരുക്കവും, ബുദ്ധിമുട്ടും ഒക്കെ അനുഭവിച്ചു. എങ്കിലും കർത്താവ് താങ്ങിനടത്തി. കുടുംബമായി ഇത്രത്തോളം സഹായിച്ചു. അനേകദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയും, സഹകരണവും എനിക്ക് ഉണ്ടായിട്ടുണ്ട്. ദൈവം എനിക്കുതന്ന 4 മക്കളും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് സഭാകൂട്ടായ്മയിൽ സന്തോഷമായി പോകുന്നു. ആത്മീയകാര്യങ്ങളിൽ അവരും ഉത്സാഹികളാണ്.

**?. പുതിയ തലമുറയോട് എന്താണ് പറയാനുള്ളത്.**

കർത്താവിനെ സ്നേഹിച്ച് അവന്റെ കല്പനകൾ പ്രാണിച്ച് അവനുവേണ്ടി ജീവിക്കുക. അവനെ സേവിക്കുക. ഒരു ദൈവമകനായി ജീവിക്കുന്നതിലും വലിയ ഭാഗ്യം വേറൊന്നുമില്ല. ഒരു ദൈവപൈതലിന് എപ്പോഴും സന്തോഷിപ്പാൻ കഴിയും. കർത്താവിന്റെ സന്നിധിയിൽ ഇരിക്കുമ്പോൾ ലോകത്തിലെ ക്ലേശങ്ങളും, ഭാരങ്ങളും ഒക്കെ മറന്നുപോകും. നമ്മുടെ പ്രവർത്തനത്തിന്റെ ഫലമായി ഒരു വ്യക്തി രക്ഷിക്കപ്പെടുമ്പോൾ എന്തു വലിയ സന്തോഷമാണ് ഉണ്ടാകുന്നത്. വരുന്നനാളുകളിൽ ഈ നല്ല കർത്താവിനെ അധികം സ്നേഹിക്കാം ചിലരെ തീയിൽ നിന്ന് വലിച്ചെടുത്തു രക്ഷിപ്പിൻ നമ്മുടെ കർത്താവു വേഗംവരും നമ്മുടെ ഓരോ പ്രവർത്തികൾക്കും പ്രതിഫലം തരും. അന്ന് എനിക്കും നിങ്ങൾക്കും എന്തുകിട്ടും കുറവുകൾ ഏറ്റുപറയാം. അധികം അവനു വേണ്ടി പ്രവർത്തിക്കാം. കർത്താവ് എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ. ആമേൻ കർത്താവായ യേശുവേ! വരേണമേ ഹല്ലേലുയ്യാ. സ്തോത്രം.

ബൈബിളിലെ ഇഷ്ടകഥാപാത്രം–16



റോയി മീമ്പാറ

**നായ് വെള്ളം നക്കി കുടിക്കുന്നതുപോലെ കുടിച്ചവർ ഉറവിന്നരികെ ചെന്ന് കൈ വായ്ക്ക് അടുപ്പിച്ച് നക്കി കുടിക്കുകയാണ് ചെയ്തത്. മറ്റുള്ളവർ മുട്ടുകുത്തി വെള്ളം കുടിച്ചു. നക്കി കുടിച്ചവരെ ദൈവം തിരഞ്ഞെടുത്തു ഇവർ ധീരരാണ്. മറ്റവർ യുദ്ധത്തിനുമുമ്പ് ഉറവിന്നരികെ എത്തികഴിഞ്ഞപ്പോൾ കുനിഞ്ഞ് സൗകര്യപ്രദമായി വെള്ളം കുടിച്ചു. സമയം നഷ്ടമാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. അവർ ഒരു കയ്യിൽ ആയുധം പിടിച്ച് മറ്റേ കൈകൊണ്ട് വെള്ളം കുടിക്കയായിരുന്നു. അവരെ ദൈവം തിരഞ്ഞെടുത്തില്ല. സൈന്യത്തിന്റെ സംഖ്യാ ബലം കുറച്ചത് രണ്ടു മാർഗ്ഗത്തിലൂടെയാണ്. ഒന്ന് ഭീരുക്കളായവരെ മടക്കി അയച്ചു. മറ്റൊന്ന് ഒരു ചെറിയ പരീക്ഷണത്തിലൂടെ ചിലരെ പറഞ്ഞുവിട്ടു. ഞങ്ങളുടെ ബലം ഞങ്ങളെ രക്ഷിച്ചു എന്ന് പറയാതിരിക്കേണ്ടതിന്, യിസ്രായേൽ അഹങ്കരിക്കാതിരിക്കേണ്ടതിന്, ചുരുക്കം പേരെക്കൊണ്ട് മിദ്യാന്യരെ തോല്പിക്കാനാണ് ദൈവത്തിന് പ്രസാദമായത്.**

# ഗിദെയോൻ

# ദൈവത്താൽ അയയ്ക്കപ്പെട്ടവൻ

(കഴിഞ്ഞലക്കം തുടർച്ച)

ജീവിതത്തിൽ അനേകം നവീകരണങ്ങൾ വരുത്തിയ ഗിദെയോൻ, തന്നെ ദൈവം അയച്ചിട്ടുണ്ട് എന്നു മനസിലാക്കി സ്വന്തപട്ടണക്കാരെ അടുക്കൽ കൂട്ടിവരുത്തിയതിനുശേഷം ചുറ്റുമുള്ള മറ്റു ഗോത്രക്കാരെയും വിളിച്ചു വരുത്തി. ദൈവത്തിന്റെ പ്രവർത്തനം എന്നിൽ ആരംഭിച്ചു എന്ന് വെളിപ്പെടുത്തി. ഒരു വലിയ സൈന്യവുമായി ശത്രുവിന്റെ നേരെ പോകാതെ ദൈവവുമായി പരീക്ഷണത്തിന് തയ്യാറായി. ഗിദെയോൻ ദൈവത്തോട് ഒരു പരീക്ഷണത്തിന് ഒരുങ്ങുകയാണ്. യിസ്രായേലിനെ തന്റെ കയ്യാൽ രക്ഷിക്കുമെന്നതിനുള്ള ഉറപ്പിനായി ഈ പരീക്ഷണം ചെയ്തു. ഒരു ആട്ടിൻ തുകൽ കൊണ്ടുള്ള പരീക്ഷണം. ആട്ടിൽ തുകൽ കളത്തിൽ നിവർത്തിയിടുകയും മഞ്ഞ് തുകലിൽ മാത്രം ഉണ്ടായിരിക്കുകയും നിലം ഉണങ്ങിയിരിക്കുകയും ചെയ്യുക. ദൈവം അങ്ങനെ തന്നെ ചെയ്തു. തുകൽ പിഴിഞ്ഞെടുത്തപ്പോൾ ഒരു കിണ്ടിവെള്ളം കിട്ടിയതായി മനസ്സിലാക്കാം. വീണ്ടും ഒരു പ്രാവശ്യം കൂടി തുകൽ പരീക്ഷണം നടത്തി. അതു നേരെ തിരിച്ചായിരുന്നു കളത്തിലിട്ടിരിക്കുന്ന തുകൽ ഉണങ്ങിയും നിലം മഞ്ഞിനാൽ നനഞ്ഞും ഇരിക്കുക. അതുപോലെ തന്നെ സംഭവിച്ചു. ഗിദെയോൻ ദൈവത്തെ പരീക്ഷിച്ചത് തന്റെ അവിശ്വാസം നിമിത്തമല്ല. വിളിയും തെരഞ്ഞെടുപ്പും ഉറപ്പുവരുത്തുവാൻ വേണ്ടിയിട്ടായിരുന്നു. തന്റെ പരീക്ഷണത്തെ ദൈവം അംഗീകരിച്ചു.

രണ്ടു കാരണങ്ങൾ പ്രധാനമായി ഇതിൽ നിന്നും പഠിക്കാൻ കഴിയും. ഒന്ന്, തന്റെ ബലഹീന വിശ്വാസം ശക്തിപ്പെടുത്തുക മറ്റൊന്ന്, താൻ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനാണ് എന്ന് കൂടെയുള്ളവരെ ബോദ്ധ്യപ്പെടുത്തുക ഈ നിലയിലുള്ള പരീക്ഷണങ്ങൾ നടത്തി ദൈവഹിതം മനസിലാക്കുവാനുള്ള അനുവാദം പുതിയനിയമം അനുശാസിക്കുന്നില്ല. (സദൃശ. 3:5,6; യാക്കോബ്: 1: 5–8) മഞ്ഞ് പ്രകൃതിയിലെ വിത്തുകളെ ജീവിപ്പിക്കുകയും ഊർജ്ജസ്വലമാക്കുകയും പുനർജീവിപ്പിക്കുകയും ചെയ്യുന്ന ദൈവശക്തിയുടെ പ്രതീകമാണ്. മഞ്ഞിനെ ദൈവ വചനത്തോട് ഉപമിച്ചിരിക്കുന്നതായി നാം വായിക്കുന്നു. (ആവ. 32:2). ദൈവവചനമാണ് പുതുജീവൻ നല്കുന്ന ഘടകം. തന്റെ ജനത്തിൻ മേൽ വർഷിക്കപ്പെടുന്ന ദൃശ്യവും സ്പർശവുമായ അനുഗ്രഹത്തിന്റെ തെളിവാണ് ഒന്നാമത്തെ അടയാളം. താങ്കളുടെ പ്രബലമായ ശത്രുവിന്റെ മേൽ യിസ്രായേലിന്റെ അക്കാലത്തെ അവസ്ഥയെ പ്രതിനിദാനം ചെയ്യുന്നതാണ് ആട്ടിൻ തുകൽ. ആ ആട്ടിൻ തുകലിൽ നിന്ന് ഒരു കിണ്ടി വെള്ളം എടുക്കുക എന്നത് എല്ലാംകൊണ്ടും വിജയത്തിന്റെ അനുഭവമാണ്. എന്നാൽ രണ്ടാമത്തെ അടയാളം യിസ്രായേലിന്റെ ഒന്നുമില്ലായ്മ മനസിലാക്കിക്കുക എന്ന ഉദ്ദേശവും അതിനുണ്ട് എന്ന് ചിന്തിക്കാവുന്നതാണ്.

മിദ്യാന്യരുടെ നേരെയുള്ള ആക്രമണമാണ് ഏഴാം അദ്ധ്യായത്തിലെ പ്രതിപാദ്യം. രണ്ട് അടയാളങ്ങളാൽ ദൈവ സഹായം മനസിലാക്കിയ ഗിദെയോനും കൂടെയുള്ളവരും പിറ്റേന്ന് അതിരാവിലെ ഹരോദ് ഉറവിന്നരികെ പാളയമിറങ്ങി. ഗിൽബോവ മല പ്രദേശത്ത് യിസ്രായേലിന് 6 കി.മീ. തെക്കു കിഴക്കാണ് ഹരോദ്. ഹരോദ് എന്ന വാക്കിന് ഭീതി, വിറയൽ എന്നെല്ലാം അർത്ഥങ്ങളുണ്ട്. മിദ്യാന്യരുടെ പാളയമോ വടക്ക് മൊരെക്കുന്നിന്നരികെ താഴ്വരയിൽ ആയിരുന്നു. യഹോവ ഗിദെയോനെവിളിച്ച് പറഞ്ഞത് നിന്റെ കൂടെയുള്ളവർ അധികമാകുന്നു. ഗിദെയോന്റെകൂടെയുണ്ടായിരുന്ന സൈന്യബലം എന്നു പറയുന്നത് മുപ്പത്തിരണ്ടായിരം പേരായിരുന്നു യഹോവ അവനോട് പറഞ്ഞു. നിന്റെ കൂടെയുള്ളവരിൽ ഭയവും ഭീരത്വവും ഉള്ളവർ മടങ്ങി പോകട്ടെ. അതിൽ ഇരുപത്തീരായിരം പേർ മടങ്ങിപോയി. ബാക്കിയുള്ളവരെ കുറിച്ച് ഇവരും അധികമാകുന്നു അതുകൊണ്ട് അവരെ വെള്ളത്തിന്നരികിലേയ്ക്ക് കൂട്ടികൊണ്ടുപോകുക. അവിടെവച്ച് ഞാൻ അവരെ പരിശോധിക്കും. ഞാൻ പറയുന്നവർമാത്രം നിന്നോട് കൂടെ പോരട്ടെ. ദൈവം തിരഞ്ഞെടുക്കുന്നവർ മാത്രമാണ് കൊള്ളാകുന്നവരായി പ്രവർത്തിക്കുകയുള്ളൂ. ബാക്കിയുണ്ടായിരുന്ന പതിനായിരം പേരെ വെള്ളത്തിന്നരികിലേയ്ക്ക് കൊണ്ടുപോയി. ഗിദെയോനോട് പറഞ്ഞത് നായ് വെള്ളം നക്കി കുടിക്കുന്നതുപോലെ നാവ് കൊണ്ട് വെള്ളം നക്കി കുടിക്കുന്നവരെ വേറെയും മുട്ടുകുത്തികുടിക്കുന്നവരെ വേറെയും നിറുത്തുക. നായ് നക്കികുടിക്കുന്നതുപോലെ നാവ്കൊണ്ട് നക്കി കുടിച്ച മുന്നൂറ് പേരെ മാത്രം നിന്നോട് കൂടെ നിറുത്തുക. അല്ലാത്തവരെ പറഞ്ഞയക്കുക.

നായ് വെള്ളം നക്കി കുടിക്കുന്നതുപോലെ കുടിച്ചവർ ഉറവിന്നരികെ ചെന്ന് കൈ വായ്ക്ക് അടുപ്പിച്ച് നക്കി കുടിക്കുകയാണ് ചെയ്തത്. മറ്റുള്ളവർ മുട്ടുകുത്തി വെള്ളം കുടിച്ചു. നക്കി കുടിച്ചവരെ ദൈവം തിരഞ്ഞെടുത്തു ഇവർ ധീരരാണ്. മറ്റവർ യുദ്ധത്തിനുമുമ്പ് ഉറവിന്നരികെ എത്തികഴിഞ്ഞപ്പോൾ കുനിഞ്ഞ് സൗകര്യപ്രദമായി വെള്ളം കുടിച്ചു. സമയം നഷ്ടമാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. അവർ ഒരു കയ്യിൽ ആയുധം പിടിച്ച് മറ്റേ കൈകൊണ്ട് വെള്ളം കുടിക്കയായിരുന്നു. അവരെ ദൈവം തിരഞ്ഞെടുത്തില്ല. സൈന്യത്തിന്റെ സംഖ്യാ ബലം കുറച്ചത് രണ്ടു മാർഗ്ഗത്തിലൂടെയാണ്. ഒന്ന് ഭീരുക്കളായവരെ മടക്കി അയച്ചു. മറ്റൊന്ന് ഒരു ചെറിയ പരീക്ഷണത്തിലൂടെ ചിലരെ പറഞ്ഞുവിട്ടു. ഞങ്ങളുടെ ബലം ഞങ്ങളെ രക്ഷിച്ചു എന്ന് പറയാതിരിക്കേണ്ടതിന്, യിസ്രായേൽ അഹങ്കരിക്കാതിരിക്കേണ്ടതിന്, ചുരുക്കം പേരെക്കൊണ്ട് മിദ്യാന്യരെ തോല്പിക്കാനാണ് ദൈവത്തിന് പ്രസാദമായത്. സൈന്യബഹുത്വത്താൽ രാജാവ് ജയം പ്രാപിക്കയില്ല; ബലാധിക്യംകൊണ്ട് വീരൻ രക്ഷപെടുന്നതുമില്ല” (സങ്കീ. 33:16) എന്നവാക്യം ശ്രദ്ധേയമാണ്. രാജാവിന്റെ ബലംഎന്നു പറയുന്നത് ദൈവത്തിന്റെ സഹായം ആണ്.

**ശത്രുവായ സൈന്യത്തെ ജയിക്കുവാൻ വലിയകായബലമൊ, സൈന്യബലമൊ, ആവശ്യമില്ല പിന്നേയോ താഴ്മയും ജീവിതവുമാണവശ്യം. മിദ്യാന്യരെ ജയിക്കാൻ ഒരു കാഹളവും മൺകുടവും പന്തവുമാണ് ആയുധമായി ഉപയോഗിച്ചത്. കാഹളം ജനത്തെ ഒരുമിച്ചു കൂട്ടുന്നതിനും ദൈവത്തിനുവേണ്ടി ആർപ്പിടുന്നതിനും ഉപയോഗിച്ചു ക്രിസ്തീയ ജീവിതം ദൈവത്തിനുവേണ്ടി ഒരുമിച്ചു നല്കുന്ന, അവനെ പ്രഘോഷിക്കുന്ന, അവനെ ഉയർത്തുന്നതായിരിക്കണം**

മിദ്യാന്യപാളയത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട മുന്നൂറ് പേരുമായി ഗിദെയോൻ പോകുന്നതിനും ദൈവത്തിൽ നിന്നുള്ള പ്രോത്സാഹനവും വാഗ്ദത്തവും ഉണ്ടായിരുന്നു. രണ്ടു രീതികൾ ഇവിടെയും ദർശിക്കാം. ഒന്ന് പാളയത്തിലേയ്ക്ക് ഇറങ്ങിചെല്ലുക എന്ന കല്പന. മറ്റൊന്ന് മിദ്യാന്റെ സ്വപ്നം. ഗിദെയോനെ എഴുന്നേറ്റ് പാളയത്തിന്റെ നേരെ ഇറങ്ങി ചെല്ലുക ഞാൻ അത് നിന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നു. നിനക്ക് പേടിയുണ്ടെങ്കിൽ ബാല്യക്കാരനായ പൂരെയെയും കൂട്ടികൊണ്ടുപോകുക. മിദ്യാന്യരുടെ പാളയത്തിലുള്ള സംസാരം നിന്റെ ഭയം മാറ്റുകയും മിദ്യാന്യരുടെ പാളയത്തിന്റെ നേരെ ഇറങ്ങിചെല്ലുവാൻ ധൈര്യം ലഭിക്കയും ചെയ്യും (7:7–15) അങ്ങനെ ഗിദെയോനും പൂരെയും ആയുധധാരികളായ മിദ്യാന്യരുടെ അടുക്കലോളം ഇറങ്ങിചെന്നു യഹോവ വെളിപ്പെടുത്തിയതുപോലെ മിദ്യാന്യ പാളയത്തിൽ ഒരുവൻ മറ്റോരുവനോട് താൻ കണ്ട സ്വപ്നം വിവരിക്കുകയായിരുന്നു. ഒരു യവത്തപ്പം മിദ്യാന്യരുടെ പാളയത്തിലേക്ക് ഉരുണ്ടുവന്ന് കൂടാരംവരെ എത്തി അതനെ തള്ളിമറച്ചിട്ടു. അങ്ങനെ കൂടാരം മറിഞ്ഞു കിടന്നു. ഇതുകേട്ട മറ്റേയാൾ. ഇത് യോവാശിന്റെ മകനായ ഗിദെയോൻ എന്ന യിസ്രായേല്ല്യന്റെ വാള്ളല്ലാതെ മറ്റൊന്നുമല്ല. ദൈവം മിദ്യാന്യരെയും പാളയത്തെയും അവന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നു. യവത്തപ്പം ദരിദ്രബാധിതരായ യിസ്രായേലാണ്. യവം ദരിദ്രരുടെ ഭക്ഷണമാണ്. മിദ്യാന്യരുടെ പീഢനം മൂലം യിസ്രായേൽ ദാരിദ്രത്തിന്റെ പടുകുഴിയിൽ വീണിരിക്കുന്നു. കൂടാരം മിദ്യാന്യരുടെ പ്രതീകമാണ്. ഈ സ്വപ്നവും വ്യാഖ്യാനവും കേട്ട ഗിദെയോന്ന് ഭയം മാറി. ദൈവത്തെ നമസ്ക്കരിച്ചുകൊണ്ട് യുദ്ധത്തിന് പുറപ്പെടുവാൻ ആഹ്വാനം ചെയ്തു.

ഗിദെയോൻ തന്റെ സൈന്യത്തെ നൂറുവീതമുള്ള മുന്നു കൂട്ടമായി നിറുത്തി. വിചിത്രങ്ങളായ ആയുധങ്ങളാണ് മിദ്യാന്യരെ നേരിടുവാൻ ഗിദെയോൻ ഉപയോഗിച്ചത്. എല്ലാവർക്കും ഓരോ കാഹളവും വെറും കുടവും കൂടത്തിനകത്ത് ഒരോ പന്തവും നല്കി. പിന്നീട് താൻ ചെയ്യുന്നതുപോലെ ചെയ്യുവാൻ പറഞ്ഞു. ഗിദെയോനും കൂടെയുള്ളവരും കാഹളം ഊതുമ്പോൾ മറ്റുള്ളവരും പാളയത്തിന്റെ ചുറ്റും നിന്ന് കാഹളം ഊതണം. അതോടൊപ്പം യഹോവയ്ക്കും ഗിദെയോനും വേണ്ടി എന്ന പോർവിളി നടത്തുകയും മദ്ധ്യയാമത്തിന്റെ ആരംഭത്തിൽ മൂന്ന് കൂട്ടരും കാഹളം ഊതി കുടങ്ങൾ ഉടയ്ക്കും ഇടങ്കയ്യിൽ പന്തവും വലംങ്കയ്യിൽ കാഹളവും പിടിച്ചുകൊണ്ട് യഹോവയ്ക്കും ഗിദെയോനും വേണ്ടി വാൾ എന്ന് ആർത്തുവിളിക്കുമ്പോൾ ജനം പരിഭ്രമം പിടിച്ച് നെട്ടോട്ടം ഓടുവാൻ തുടങ്ങി. അവർ നിലവിളിച്ചുകൊണ്ട് ഓടിപ്പോയി. ഓരോരുത്തന്റെവാൾ ഊരി കൂട്ടുകാരനെ വെട്ടി വീഴ്ത്തി.

ശത്രുവായ സൈന്യത്തെ ജയിക്കുവാൻ വലിയകായബലമൊ, സൈന്യബലമൊ, ആവശ്യമില്ല പിന്നേയോ താഴ്മയും ജീവിതവുമാണവശ്യം. മിദ്യാന്യരെ ജയിക്കാൻ ഒരു കാഹളവും മൺകുടവും പന്തവുമാണ് ആയുധമായി ഉപയോഗിച്ചത്. കാഹളം ജനത്തെ ഒരുമിച്ചു കൂട്ടുന്നതിനും ദൈവത്തിനുവേണ്ടി ആർപ്പിടുന്നതിനും ഉപയോഗിച്ചു ക്രിസ്തീയ ജീവിതം ദൈവത്തിനുവേണ്ടി ഒരുമിച്ചു നല്കുന്ന, അവനെ പ്രഘോഷിക്കുന്ന, അവനെ ഉയർത്തുന്നതായിരിക്കണം.

വിശ്വാസികൾ ദൈവത്തിനുവേണ്ടി ഐക്യതയിൽ, സ്നേഹത്തിൽ, കൂട്ടായ്മയിൽ ഒരുമിച്ചുനില്ക്കുകയും പ്രവൃത്തിക്കുകയും ചെയ്യണം. മറ്റൊന്ന് മൺകുടമാണ്. അത് ഉടച്ച് കളയണം. അതിൽ മറച്ചുവെച്ചിരിക്കുന്ന പന്തം (വെളിച്ചം) പ്രകാശിക്കണം. നമ്മുടെ ജഡീക സ്വഭാവത്തിന് മാറ്റം വരണം അത് ഉടയണം, നീക്കികളയേണ്ടത് നീക്കികളയണം. ക്രിസ്തുനമ്മിലൂടെ പ്രകാശിക്കണം. നാം വക്രതയും കോട്ടവും ഉള്ളതലമുറയുടെ നടുവിൽ പ്രകാശിക്കണം. (ഫിലി. 2:15) ജഡസ്വഭാവം നമ്മിൽ ഉള്ളപ്പോൾ നമുക്ക് ആത്മിക സ്വഭാവം പുലർത്തുവാൻ കഴികയില്ല ഗിദെയോന്റെ ജീവിതത്തിലെ വിജയരഹസ്യം അവൻതന്നിലും തന്റെ കുടുംബത്തിലും സമൂഹത്തിലും ഉത്തമ സാക്ഷിയായി ജീവിച്ചു എന്നതാണ്.

(തുടരും)

## YMEF കൊട്ടാരക്കര സെന്റർ പുതിയ ഭാരവാഹികൾ

കൊട്ടാരക്കര: ദൈവകൃപയാൽ കൊട്ടാരക്കര YMEF പ്രവർത്തനങ്ങൾ അനുഗ്രഹമായി തുടരുന്നു. 2013 സെപ്റ്റംബർ 21ന് കൊട്ടാരക്കര ബ്രദറൺ ഗോസ്പൽ ഹാളിൽ കൂടിയ കമ്മറ്റി പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

1. പ്രസിഡന്റ്: ബ്രദർ തോമസ് ടി ജയിംസ് (തൃക്കണ്ണമംഗൽ).
2. വൈസ് പ്രസിഡന്റ്: ജോൺ ഡാനിയേൽ (ഐവർകാല).
3. സെക്രട്ടറി: സുവി.സന്തോഷ് മാത്യു (തൃക്കണ്ണമംഗൽ).
4. ജോ.സെക്രട്ടറി: ബിജു. ഒ. (വേങ്ങൂർ).
5. ട്രഷറർ: സാബു വൈ.സി. (പൂവൻപൊയ്ക) ഇവരുടെ ചുമതലയിൽ തുടർന്നു നടക്കേണ്ടുന്ന ആത്മിക പ്രവർത്തനങ്ങൾ അനുഗ്രഹകരമായിത്തീരുവാൻ ദൈവജനം തുടർന്നും പ്രാർത്ഥിക്കുമല്ലോ. വിശ്വസ്തതയോടെ, സുവി. സന്തോഷ് മാത്യു (സെക്രട്ടറി)

## ദൈവജനത്തിന്റെ സത്വര ശ്രദ്ധയ്ക്ക്

ജനറൽ ഗോസ്പ്പൽ ഫണ്ടിനെ സംബന്ധച്ച് കഴിഞ്ഞ ലക്കം സാന്ത്വനത്തിൽ വന്ന ഒരു കുറിപ്പു ശ്രദ്ധിച്ചിരിക്കുമല്ലോ? പോളിസി അനുസരിച്ചു കോട്ടയം ജില്ലയിലുള്ളവർക്കു ഫണ്ട് നല്കേണ്ടതില്ല എന്ന പൊതുതീരുമനം അനുസരിച്ചാണ് സഹോദരൻ വർഗ്ഗീസ് മാത്യുവിനു കൊടുത്തുകൊണ്ടിരുന്ന സഹായം നിർത്തിയതെന്ന വിവരം ഫണ്ടിന്റെ ഉത്തരവാദപ്പെട്ടവർ അറിയിച്ചിരിക്കുന്നു. ഫണ്ടുകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന ആരുടെയെങ്കിലും കൂട്ടായ്മകൾ നിർത്തുമ്പോൾ ആ വിവരം ഒരു ഫണ്ടുകളും ആ വ്യക്തികളെ അറിയിക്കില്ല. ആ പ്രകാരം അറിയിച്ചിരുന്നെങ്കിൽ ഇതുപോലെയുള്ള പരാതികൾ ഒഴിവാക്കാമായിരുന്നു എന്നാണ് ഞങ്ങളുടെ പക്ഷം. ഫണ്ടുകൾ വിതരണം ചെയ്യുന്നവരുടെ വിവരങ്ങൾ വർഷംതോറും നാം ദാദാക്കളെ അറിയിച്ചുവരുന്നുണ്ടല്ലോ. അങ്ങനെ എങ്കിൽ നമ്മുടെ ഫണ്ടുകൾ അവരുടെ പോളസികളും തീരുമാനങ്ങളും എടുക്കുവാൻ അവകാശമുള്ളതുപോലെ ആ വിവരം ദാതാക്കളും അറിഞ്ഞിരിക്കുവാൻ ആവശ്യമുണ്ട്. കാരണം മറ്റുള്ളവർ നൽകുന്ന പണമാണ് ഫണ്ടുകൾ കൈകാര്യം ചെയ്യുന്നത്. ദാതാക്കൾ ദാനം ചെയ്യുകയും ഫണ്ടുകൾ അവർക്കു ഇഷ്ടമുള്ളതുപോലെ ചെയ്യും എന്നു◌ുവരരുതല്ലോ.

## ചായം 2014
## ബൈബിൾ ചിത്രരചനാ മത്സരം

2014 ജനുവരി 11- രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1വരെ നാസ് ഓഡിറ്റോറിയം അങ്കമാലി. കുട്ടികളിലെ കലാവാസനയെ പ്രോത്സാഹിപ്പിക്കുക. അവരെ സമൂഹത്തിന് മാതൃകയുള്ളവരായിത്തീർക്കുക എന്ന ലക്ഷ്യവുമായി കുട്ടികൾക്കുവേണ്ടി ഒരു ബൈബിൾ ചിത്രരചനാ മത്സരം നടത്തുന്നു. വിജയികൾക്കു ക്യാഷ് അവാർഡും ട്രോഫിയും സമ്മാനമായി നൽകുന്നു. ലക്കി ഡ്രോയിലൂടെ വിജയിക്കുന്ന കുട്ടിക്ക് മനോഹരമായ സമ്മാനം ലഭിക്കുന്നു. കൂടാതെ 10 പ്രോത്സാഹന സമ്മാനവും ലഭിക്കുന്നു. എല്ലാ കൂട്ടുകാരേയും ചായം 2014ലേക്ക് ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

പ്രായപരിധി: ഗ്രൂപ്പ് എ- 4 മുതൽ 7 വരെ, ഗ്രൂപ്പ് ബി - 8 മുതൽ 11 വരെ, ഗ്രൂപ്പ് സി - 12 മുതൽ 15 വരെ. രജിസ്ട്രേഷൻ ഫീസ്: 20 രൂപ കൂടുതൽ വിവരങ്ങൾക്ക്: 9895268738, 9446218130, 9847100159.


## ശാന്തിനിലയം

Elder Residential complex,
Christian Medical Service Society,
Kadammanitta Pin. 689 649. Phone 0468 2322971.
email: cmssq625@gmail.com.
www.shanthinilayam.webs.com

### നിങ്ങളുടെ പ്രായമായ മാതാപിതാക്കൾക്ക് മതിയായ സംരക്ഷണം ലഭിക്കുന്നുണ്ടോ?

നമ്മുടെ പ്രായമായ മാതാപിതാക്കൾ സ്നേഹവും സംരക്ഷണവും അർഹിക്കുന്നു. ഇന്നത്തെ തിരക്കുപിടിച്ച ജീവിതചുറ്റുപാടിൽ അവർക്ക് വേണ്ട പരിചരണം നൽകാൻ മക്കൾക്ക് പലപ്പോഴും കഴിയാറില്ല.

ബ്രദറൺ വിശ്വാസികളാൽ നടത്തപ്പെടുന്ന ക്രിസ്ത്യൻ മെഡിക്കൽ സർവ്വീസ് സൊസൈറ്റി പ്രായമായവർക്ക് അർഹമായ എല്ലാ പരിചരണവും ലഭിക്കണം എന്ന ഉദ്ദേശത്തോടുകൂടി ശാന്തിനിലയം എന്ന പ്രായമായവരുടെ താമസസ്ഥലം ഒരുക്കിയിരിക്കുന്നു. ഇത് പത്തനംതിട്ടയ്ക്കു സമീപം കടമ്മനിട്ടയിൽ നെടുംചേരിൽ ആണ് സ്ഥിതി ചെയ്യുന്നത്. പ്രകൃതി രമണീയവും, ശാന്തവുമായ ഗ്രാമീണ അന്തരീക്ഷത്തിൽ പ്രായമായവർക്ക് ജീവിക്കുവാൻ ആവശ്യമായ എല്ലാ സൗകര്യങ്ങളും ശാന്തിനിലയത്തിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് ഐപ്പ് ബേബി - 91-8896950850

മാത്യു വർഗ്ഗീസ് - 91-9447095256


(കഴിഞ്ഞ ലക്കം തുടർച്ച)

# വിശ്വാസം

ബിനോയ് മാണി



**ആ. വിശ്വാസത്തിന്റെ വിശദീകരണം.**

രക്ഷാകരമായ വിശ്വാസം എന്നത് ക്രിസ്തുവിങ്കലേക്കു തിരിയുവാൻ തക്കവണ്ണം പാപിയുടെ ഹൃദയത്തിൽ നടക്കുന്ന സ്വമേധാ വ്യതിയാനമാണ്. ഈ വ്യതിയാനം പരിശുദ്ധാത്മാവിന്റെ സജീവമായ പ്രവർത്തനം മൂലമാണ് നടക്കുന്നത്. മനുഷ്യന്റെ പാപാവസ്ഥയെക്കുറിച്ചും യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തെക്കുറിച്ചുമുള്ള അറിവ് ഇവ്വിധമുള്ള വിശ്വാസത്തിന്റെ കാരണമാണ്.

ബുദ്ധിതലത്തിലുള്ള അംഗീകാരമാണ് ആദ്യമായി നടക്കുന്നത്. ഇതിനെ ചരിത്രപരമായ വിശ്വാസം എന്ന് പലരും വിളിക്കുന്നു. മനുഷ്യന്റെ പാപാവസ്ഥയെക്കുറിച്ചും യേശുക്രിസ്തുവിന്റെ പ്രതിപുരുഷ മരണത്തെക്കുറിച്ചും പാപിയായ വ്യക്തി തന്റെ ബുദ്ധിതലത്തിൽ ഗ്രഹിക്കുന്നു. പരിശുദ്ധാത്മാവു ഹൃദയത്തിന്റെ കണ്ണുകളെ തുറക്കുന്നതു വഴിയാണ് ഈ ഗ്രഹണം സാദ്ധ്യമാകുന്നത്. ചിലർ ഇപ്രകാരമുള്ള പ്രകാശനത്തെ പുനരുജ്ജീവനത്തിന്റെ ഭാഗമായി ഗണിക്കാറുണ്ട്.

ബുദ്ധിതലത്തിലുള്ള അറിവ് വൈകാരിക തലത്തിലേക്കു വ്യാപിക്കുന്നതാണ് വിശ്വാസത്തിന്റെ അടുത്തപടി. താൻ പാപിയാണ് എന്നു ഗ്രഹിക്കുന്ന മനുഷ്യൻ തന്റെ പാപാവസ്ഥയെക്കുറിച്ചു ബോധവാനാകുന്നു. തനിക്ക് വ്യക്തിപരമായ പാപമോചനം ആവശ്യമാണെന്നു സമ്മതിക്കുന്നു. അതു ദൈവം ക്രിസ്തുവിൽ ദാനമായി നൽകുന്നതാകയാൽ ക്രിസ്തുവിന് വിധേയപ്പെടുകയും അവനിൽ ആശ്രയിക്കുകയും ചെയ്യണമെന്ന് ഗ്രഹിക്കുക മാത്രമല്ല, അതിന്നായുള്ള വികാരപരമായ വാഞ്ചയും തന്നിലുണ്ടാകുന്നു. പാപത്തെക്കുറിച്ചുള്ള വെറുപ്പും ക്രിസ്തുവിനോടുള്ള സ്നേഹവും ഉണ്ടാകുന്നു. ഇച്ഛാതലത്തിലുള്ള വ്യതിയാനമാണ് വിശ്വാസത്തിന്റെ സാക്ഷാത്ക്കരണം സാദ്ധ്യമാക്കുന്നത്. ബുദ്ധിയിൽ ഗ്രഹിക്കുകയും വൈകാരികമായി ആഗ്രഹിക്കുകയും ചെയ്യുന്ന അനുഭവത്തിനായി തന്നെത്തന്നെ കീഴ്പ്പെടുത്തുന്നു. ഇതിൽ രണ്ടു ഭാഗങ്ങളുണ്ട്.

1. പാപം ചെയ്ത് ദൈവകോപത്തിനു വിധേയമായ തന്റെ ആത്മാവിനെ ക്രിസ്തുവിന്റെ അധികാരത്തിനു കീഴ്പ്പെടുത്തുവാനുള്ള തീരുമാനം-മത്തായി11:28:29. യോഹ.8:12.

2. ക്രിസ്തു ദാനമായി നൽകുന്ന പാപമോചനവും ആത്മീയ ജീവനും സ്വീകരിക്കുവാനുള്ള തീരുമാനം

യോഹ.1:12 4:14. ഇങ്ങനെ വ്യക്തിത്വത്തിന്റെ എല്ലാ വശങ്ങളെയും സ്വാധീനിക്കുകയും ജീവിതത്തെ ക്രിസ്തുവിനു വിധേയമാക്കിത്തീർക്കുകയും ചെയ്യുന്ന വ്യക്തിപരമായ പ്രതികരണമാണ് വിശ്വാസം.

**1. രക്ഷാകരമായ വിശ്വാസത്തിന്റെ സ്വഭാവം**

a) രക്ഷാകരമായ വിശ്വാസം മനുഷ്യന്റെ ഭാഗത്തുനിന്നുള്ള പ്രതികരണമാണ്. വരുക (മത്താ,11:28), നോക്കുക (യോഹ. 1: 28), അനുഗമിക്കുക (യോഹ. 8:12) എന്നിവയെല്ലാം വിശ്വാസവുമായി ബന്ധപ്പെട്ട പ്രയോഗങ്ങളാണ്. ഇവയെല്ലാം തന്നെ പ്രതികരിക്കുവാനുള്ള ഉത്തരവാദിത്വം വ്യക്തിപരമാണെന്ന് വ്യക്തമാക്കുന്ന പ്രയോഗങ്ങളാണ്. ദൈവം ആർക്കുവേണ്ടിയും വിശ്വസിക്കുന്നില്ല. വേറൊരാൾക്കുവേണ്ടി ആർക്കും തന്നെ വിശ്വസിക്കുവാൻ കഴിയുന്നതുമല്ല. വിശ്വാസം വ്യക്തിപരമായ പ്രതികരണമാണ്.

b) രക്ഷാകരമായ വിശ്വാസം മുഴുവൻ വ്യക്തിത്വത്തെയും ഉൾക്കൊള്ളുന്നതാണ്.

യോഹ.6:44,45, 2കൊരി.3:14 4:4, എഫെ,1:17,18 ,ഗലാ.5:6 ,2 തീമൊ.1:13

c) വിശ്വാസം ക്രിസ്തുവിനോട് ഐക്യപ്പെടത്തുന്നു.

യേശുക്രിസ്തുവിന്റെ രക്ഷണ്യവേലയെ സ്വായത്തമാക്കുന്ന പ്രതികരണമാണ് വിശ്വാസം. അവനോടുകൂടെയും അവനുമായും അവനിലും ഐക്യപ്പെടുന്ന അനുഭവമാണ് രക്ഷ. അത് വിശ്വാസം വഴിയാണ് സ്വായത്തമായിത്തീരുന്നത്.

d) രക്ഷാകരമായ വിശ്വാസത്തിന്റെ ലക്ഷ്യം(object) ക്രിസ്തുവാണ്.യേശുക്രിസ്തുവിന്റെ ത്രിമാന ശുശ്രൂഷകളിൽ (പ്രവാചകൻ, പുരോഹിതൻ, രാജാവ്) ഏതെങ്കിലും ഒന്നിനോടുമാത്രം പ്രതികരിക്കുകയല്ല വിശ്വാസം

*(ശേഷം പേജ് 7)*

## കമന്റേഷൻ

ചേറുംകുളം ക്രിസ്ത്യൻ ബ്രദറൺ സഭയിലെ സുവിശേഷകൻ ബിനുജോസ് സഭയിലെ ഉത്തരവാദിത്തങ്ങളിലും പ്രവർത്തനങ്ങളിലും ഏർപ്പെടുന്നതോടൊപ്പംതന്നെ ചേറുംകുളം സഭയുടെ ചുമതലയിൽ ഒറ്റപ്പാലത്ത് സ്ഥലം സഭാലക്ഷ്യമാക്കി കുടുംബമായി വാടകക്കു താമസിച്ച് കൂട്ടു പ്രവർത്തകരുമായി പ്രവർത്തിച്ചുവരുന്നു. തന്റെ കുടുംബത്തേയും ഫലകരമായ പ്രവർത്തനത്തിനായും ദൈവജനം പ്രാർത്ഥിച്ചാലും.

സഭയ്ക്കുവേണ്ടി മൂപ്പന്മാർ. റ്റി. ജോയിച്ചൻ 9447841541 എം. എം. വർഗീസ്. 9161254972

സഹോദരന്റെ വിലാസം:

സുവി. ബിനു ജോസ് പീസ് കോട്ടേജ്, കണ്ണിയംപുറം പി. ഒ, ഒറ്റപ്പാലം -4 പാലക്കാട് ജില്ല.

## SBS തൃശൂർ

തൃശൂർ: സുവിശേഷകൻ ബാലസംഘം തൃശൂർ യുണീറ്റിന്റെ ആഭിമുഖ്യത്തിൽ കൊരട്ടി പഞ്ചായത്ത് ഹാളിൽ വച്ച് ഒക്ടോ. 16നും ചേലകോട്ടുകര ബ്രദറൺചർച്ചിൽ വച്ച് നവം. 14-നും ഓരോ ഏകദിന സമ്മേളനം നടന്നു. യഥാക്രമം ബ്രദർ, ഗോഡ്സൺ. വാലയിൽ, റെജി കെ. തോമസ്, ധർമ്മരാജ് എന്നിവർ ക്ലാസുകൾ എടുത്തു. കുട്ടികളുടെ ഭാവി ജീവിതത്തിൽ ഇതു പ്രയോജനപ്പെടുന്നതിനായി പ്രാർത്ഥിച്ചാലും.
എം. ജി. മോഹൻ (സെക്രട്ടറി)

## വാളകം കൺവെൻഷൻ

വാളകം കൺവെൻഷൻ 2014 ജനുവരി 15 ബുധൻ മുതൽ 19 ഞായർ വരെ വൈകിട്ട് 6.00 മുതൽ 9.00 വരെ സഭാഹാളിന്റെ മുൻവശത്ത് വച്ച് നടത്തപ്പെടുന്നു. പ്രസംഗകർ: വറുഗീസ് കുര്യൻ പാമ്പാടി, സണ്ണി തോമസ്, തിരുവനന്തപുരം. വ്യാഴം, വെള്ളി,ശനി. ദിവസങ്ങളിൽ ബൈബിൾ ക്ലാസ്സുകളുണ്ടായിരിക്കുന്നതാണ്. ദൈവജനം പ്രാർത്ഥനയോടെ കടന്നുവരിക.

സഭയ്ക്കുവേണ്ടി, വി. യു. ജേക്കബ്, കെ. വി. വർക്കി.

## ബി.എസ്.പി.എസ്. കമ്മിറ്റി മീറ്റിംഗ്

2014 ജനുവരി 16ന് കോട്ടയം സഭാഹാളിൽ വച്ച് 10 മണിക്ക് തീരുമാനിച്ചിരിക്കുന്നു. എല്ലാ കമ്മറ്റി അംഗങ്ങളും ഇത് ഒരു അറിയിപ്പായി സ്വാകരിക്കണമെന്നറിയിക്കുന്നു.

*എന്ന് സെക്രട്ടറി*

## പാണംകുഴി കൺവൻഷൻ

പാണംകുഴി. : പാണംകുഴി ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ 2014 ജനുവരി 24,25,26 ദിവസങ്ങളിൽ സഭാഹാൾ ഗ്രൗണ്ടിൽ വച്ച് നടക്കുന്നതാണ്. സുവി. ചാണ്ടപ്പിള്ള ഫിലിപ്പ്, കോട്ടയം, ജോസ് മാങ്കുടി വയനാട് എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നു.

## ക്രിസ്തീയ മാധ്യമ വിചാരണ സെമിനാർ

**കുറുപ്പംതറ:** ക്രിസ്ത്യൻ പ്രസ്സ് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ 23/11/2013 ക്രിസ്തീയ മാധ്യമ വിചാരണ സെമിനാർ കുറുപ്പന്തറ എസ്. എച്ച്. കോളേജിൽ വെച്ച് നടന്നു. ബഹു: മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്ത പ്രസ്തുത യോഗത്തിൽ വിവിധ ക്രിസ്തീയ മാധ്യമ പ്രവർത്തകർ പങ്കെടുത്തു. സാംകുട്ടി ചാക്കോ നിലമ്പൂർ പ്രബന്ധം അവതരിപ്പിച്ചു. ജോയ് പെരുമ്പാവൂർ അദ്ധ്യക്ഷനായിരുന്നു.

*-സ്വ. ലേ.*

എ. ടി. തോമസ്, തണ്ണിത്തോട്

# ശുഭഭാവി

**സൃ**ഷ്ടിയുടെ മകുടമായ മനുഷ്യൻ ദൈവജ്ഞാനത്തിന്റെ നിദർശനമാണ്. സൃഷ്ടിലോകത്തിൽ ഭയങ്കരവും അതിശയകരവുമായ മനുഷ്യനു അറിവും ബുദ്ധിയും ശക്തിയും ധാർമ്മിക സ്വാതന്ത്ര്യവും ദൈവം നൽകിയിരുന്നു. പക്ഷെ പാപം ഗ്രസിച്ച നരകുലം സാർവ്വലൗകികമായി പരാജയത്തിലാണ്. യുഗാന്തരമെന്യേ വിജയം ആഗ്രഹിക്കുന്ന മനുഷ്യർ ഒരു ശുഭഭാവി എക്കാലത്തും ആഗ്രഹിച്ചിട്ടുണ്ട്. പക്ഷെ മനുഷ്യന്റെ സ്വയസിദ്ധമായ സിദ്ധാന്തങ്ങൾക്കും ശക്തികൾക്കും അതു അപ്രാപ്തമാണ്. പ്രകൃതിയുമായി ബന്ധപ്പെട്ടിരിക്കുന്ന മനുഷ്യൻ ശരീരരക്ഷയ്ക്കായി പ്രകൃതിനിയമങ്ങളെ അനുസരിക്കുവാൻ ബദ്ധ്യസ്ഥനായിരിക്കുന്നതു പോലെ ആത്മ സംബന്ധമായി ദൈവത്തോടു ബന്ധപ്പെട്ടിരിക്കയാൽ ആത്മരക്ഷയ്ക്കായി ദൈവത്തെ അനുസരിക്കുന്നതിനും ജന്മനാ വിധിക്കപ്പെട്ടവനാണ്. മനുഷ്യന്റെ ബലഹീന അവസ്ഥ പരാജയമായതിനാൽ ദൈവത്തിന്റെ വ്യവസ്ഥയിലൂടെ മാത്രമേ വിജയം വരിക്കാനാവൂ. ഇപ്രകാരം വിജയിച്ച ഒരു ഭക്തന്റെ അനുഭവങ്ങളെ വ്യക്തമാക്കുന്നത് യുക്തിസഹമെന്നു കരുതുന്നു.

ക്രി.മു.1040–970 കാലഘട്ടത്തിൽ ജീവിച്ചിരുന്ന ദാവീദ് 40 വർഷത്തോളം യിസ്രായേലിന്നു രാജാവായിരുന്നു. അദ്ദേഹത്തേക്കുറിച്ചുള്ള സാക്ഷ്യം നോക്കുക. സൈന്യങ്ങളുടെ ദൈവമായ യഹോവ തന്നോടുകൂടെ ഉണ്ടായിരുന്നതുകൊണ്ട് ദാവീദ് മേൽക്കുമേൽ പ്രബലനായിത്തീർന്നു. (2 ശമു. 5:10) ദൈവസാന്നിദ്ധ്യം ദൈവഭക്തന്മാർ എക്കാലത്തും വിലമതിക്കുന്ന നിസ്തർക്ക യാഥാർത്ഥ്യമാണ്. ഹാനോക്ക് ദൈവത്തോടുകൂടെ നടന്ന് സായൂജ്യം തേടി. ഞാൻ സർവ്വശക്തിയുള്ള ദൈവമാകുന്നു എന്നു വെളിപ്പെടുത്തിയ ദൈവം അബ്രഹാമിനോടുകൂടെ ഇരുന്ന് വിജയം നൽകി. ബേഥേലിൽ വെളിപ്പെട്ട ദൈവം തന്നോടുകൂടെ ഇരിക്കേണമേ എന്ന് യാക്കോബും അപേക്ഷിച്ചു. എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ ഉണ്ടാകുമെന്ന് മോശെയോട് ദൈവം അരുളിചെയ്തു. നിന്റെ ദൈവമായ യഹോവ നീ പോകുന്നിടത്തൊക്കെയും നിന്നോടുകൂടെ ഇരിക്കുമെന്നു യോശുവയ്ക്ക് ഉറപ്പു നൽകി. വീണ്ടെടുക്കപ്പെട്ട ജനത്തോടുകൂടെ ലോകാവസാനത്തോളം ഇരിക്കാമെന്ന് കർത്താവായ ക്രിസ്തു വാഗ്ദാനം ചെയ്തിട്ടുണ്ട്.

ദൈവം ദാവീദിനോടുകൂടെ ഇരുന്നതിന്റെ അടിസ്ഥാനകാരണം അവൻ ദൈവഭക്തനായിരുന്നു എന്നതത്രെ. “യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്കുണ്ടാകും; യഹോവ ഭക്തനെ തനിക്കായി വേർതിരിച്ചിരിക്കുന്നു.” (സങ്കീ. 25:14; 4:3) എന്നീ സാക്ഷ്യങ്ങൾ പ്രസ്താവ്യമാണ്. ദാവീദ് ബാലനായിരിക്കുമ്പോഴേ ലഭിച്ചതാലന്താണ് സംഗീതനിപുണത. സങ്കീർത്തനങ്ങളിൽ ദാവീദിന്റേതായ 73 ഗീതങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ദാവീദ് ഉണ്ടാക്കിയ വാദ്യങ്ങളാൽ ദൈവത്തെ സ്തുതിപ്പാൻ നാലായിരം പേരെ നിയമിച്ചിരിക്കുന്നതിനാൽ (1 ദിന. 23:5) ദൈവമഹത്വം ഉയർത്തുന്നതിൽ അവന്റെ തീഷ്ണത വ്യക്തമാണ്. എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും. എന്നെ നിന്ദിക്കുന്നവർ നിന്ദിതരാകും എന്നുള്ളത് ദൈവത്തിന്റെ പ്രഖ്യാപിത വാഗ്ദത്തമാണ്. ദൈവത്തെ യഥാർത്ഥമായി സേവിക്കുന്നവൻ നന്മകളെ തേടി അലയേണ്ട. നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിന്തുടരുമെന്നുള്ളത് തന്റെ അനുഭവഗീതമാണ്. (സങ്കീ. 23:6) ആട്ടിടയനായിരിക്കുമ്പോഴും ദൈവഭക്തനായതിനാൽ യിസ്രായേലിന്റെ രാജാവാകുവാനുള്ള യോഗ്യത അവനെത്തേടി വന്നു.

ദാവീദ് ആടുകളോടുകൂടെ വനത്തിലായിരിക്കുമ്പോഴും ദൈവത്തോടുള്ള ഏകാഗ്രതവിട്ടുമാറിയില്ല. അതു അവന്റെ അഗാധമായ ആശ്രയബോധത്തെ വെളിപ്പെടുത്തുന്നു.

**ദാവീദ് ദൈവത്തെ മാനിക്കുകയും ദൈവത്തിൽ ആശ്രയിക്കുകയും ചെയ്ത ഭക്തനായതിനാൽ തന്റെ ഭാവി ശുഭകരമായിരുന്നു. ഒരു നല്ല അവസാനം ലഭിച്ചു. ദാവീദിന്റെ സിംഹാസന സ്മരണ ഇന്നും നിലനിൽക്കുന്നു. ആ പാരമ്പര്യത്തിൽ യേശുക്രിസ്തുവും ദാവീദ് പുത്രൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്നു. ദൈവം എക്കാലവും മനുഷ്യരോടുകൂടെ വസിക്കുവാൻ താല്പര്യപ്പെടുന്നു. അവൻ വിശുദ്ധനാകയാൽ വിശുദ്ധരായവരോടുകൂടെ മാത്രം വസിക്കുന്നു.**

വനാന്തരത്തിൽ ഇടയന്മാരും ആടുകളും പലപ്പോഴും അപകടത്തിലാകാം. വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ ഭയാനകമാണ്. പക്ഷെ ദാവീദ് എപ്പോഴും സുരക്ഷിതനായിരുന്നു. ഒരിക്കൽ ആടിനെ പിടിച്ച കരടിയേയും മറ്റൊരിക്കൽ സിംഹത്തേയും ഭയംകൂടാതെ നേരിട്ട ദാവീദ് ദൈവശക്തിയുടെ വ്യാപാരത്താൽ അവയെ കൊന്നുകളഞ്ഞു. ‘‘യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്മാരുടെമേലും തന്റെ ദയയ്ക്കായി പ്രത്യാശിക്കുന്നവരുടെമേലും ഇരിക്കുന്നു. അവരുടെ പ്രാണനെ മരണത്തിൽ നിന്നും വിടുവിപ്പാനും ക്ഷാമത്തിൽ അവരെ ജീവനോടെ രക്ഷിപ്പാനും തന്നെ” (സങ്കീ. 33:18). “യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കു വേണ്ടി തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിന്നു ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു” (2 ദിന. 16:9). താൻ ആക്ഷേപിക്കുകയും നിന്ദിക്കുകയും ചെയ്തവരുണ്ട്. നുണപ്രചരണങ്ങൾ രാജാവായതിനു ശേഷവും ധാരാളം പോരാട്ടങ്ങൾ സഹിക്കേണ്ടി വന്നു. തന്നെഉണ്ടായിട്ടുണ്ട്. ഒന്നിലും പതറിപ്പോകാതെ അവന്റെ ഹൃദയം യഹോവയിലാശ്രയിച്ച് ഉറച്ചിരുന്നു. “എന്നെചുറ്റിവളയുന്ന പ്രാണശത്രുക്കളും എന്നെ പിടിക്കാതെവണ്ണം നിന്റെ ചിറകിന്റെ നിഴലിൽ എന്നെ മറെച്ചുകൊള്ളേണമേ” (സങ്കീ. 17:9) എന്നു പ്രാർത്ഥിച്ചു. എനിക്കു യുദ്ധം നേരിട്ടാലും ഞാൻ നിർഭയനായിരിക്കും എന്നു പറഞ്ഞ ദാവീദിന്റെ വാക്കുകൾ ആശ്രയത്തിന്റെ അഗാധതലത്തിൽ നിന്നുള്ളതാണ്. ദൈവത്തിന്റെ ദാനമായ നന്മകളെ കവർച്ചചെയ്യാൻ അടുത്തുകൂടുന്ന ദുഷ്ടശക്തികളെ എതിർത്തുജയിക്കുന്നതിന് ദൈവകൃപ അത്യന്താപേക്ഷിതമാണ്. കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ എന്നു പൗലൊസും ആഹ്വാനം ചെയ്യുന്നു.

ദൈവത്തെ ദാവീദ് എപ്പോഴും പ്രഥമസ്ഥാനത്ത് കണ്ടിരുന്നു. ഇത് ഭക്തിയുടെ മറ്റൊരു ലക്ഷണമാണ്. രാജ്യഭാരം ഏറ്റെടുത്ത ശേഷം യഹോവയുടെ പെട്ടകം ആസ്ഥാനത്ത് കൊണ്ടുവരുവാൻ ബന്ധപ്പെട്ടതും യഹോവയ്ക്ക് ആലയം പണിയുവാൻ വേണ്ടി ഒരുക്കങ്ങൾ ചെയ്തതും ഇതിന്റെ അടിസ്ഥാനത്തിലാണ് ദൈവത്തോട് ആലോചന ചോദിച്ച് പ്രവർത്തിച്ചതും വിജയപ്രദമായി “ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വച്ചിരിക്കുന്നു അവൻ എന്റെ വലത്തു ഭാഗത്ത് ഉള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല” (സങ്കീ. 16:8) എന്ന് ധൈര്യമായി പ്രസ്താവിച്ചിരിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള എരിവാണ് മറ്റൊരു ദൃശ്യം. യിസ്രായേലിന്റെ ഒന്നാമത്തെ രാജാവായ ശൗൽ ദൈവാത്മാവ് വിട്ട് മാറിയപ്പോൾ ദുർബ്ബലനായി തീർന്നു. ഈ സമയത്താണ് ഫെലിസ്ത്യാ മല്ലനായ ഗോല്ല്യാത്ത് വെല്ലുവിളിക്കുന്നത്. ദൈവമക്കളുടെ ദൗർബ്ബല്യം ശത്രുവിന് അവസരമായി തീരാം. നേതൃത്വങ്ങളുടെ പിന്മാറ്റം സഭയുടെ കഷ്ടകാലവുമാണ്. പക്ഷെ വിശ്വസ്തനായ ദൈവം വിശ്വസ്തന്മാരെ എഴുന്നേൽപിക്കും ജീവനുള്ള ദൈവത്തിന്റെ സത്യത്തെ നിന്ദിച്ച ശത്രുവിനെ ദൈവശക്തിയാൽ ദാവീദ് തോല്പിച്ച് യിസ്രായേലിൽ വിജയം വരിച്ചു. നാം ചെയ്യുന്ന ശുശ്രൂഷകൾ ദൈവമഹത്വം ലക്ഷ്യമാക്കിയുള്ളതാണ് എങ്കിൽ ദൈവം വിജയം നൽകും.

ദാവീദ് ദൈവത്തെ മാനിക്കുകയും ദൈവത്തിൽ ആശ്രയിക്കുകയും ചെയ്ത ഭക്തനായതിനാൽ തന്റെ ഭാവി ശുഭകരമായിരുന്നു. ഒരു നല്ല അവസാനം ലഭിച്ചു. ദാവീദിന്റെ സിംഹാസന സ്മരണ ഇന്നും നിലനിൽക്കുന്നു. ആ പാരമ്പര്യത്തിൽ യേശുക്രിസ്തുവും ദാവീദ് പുത്രൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്നു. ദൈവം എക്കാലവും മനുഷ്യരോടുകൂടെ വസിക്കുവാൻ താല്പര്യപ്പെടുന്നു. അവൻ വിശുദ്ധനാകയാൽ വിശുദ്ധരായവരോടുകൂടെ മാത്രം വസിക്കുന്നു. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. ഒരു ദൈവ ഭക്തനായി ജീവിക്കാൻ ആഗ്രഹിച്ച് തീരുമാനമെടുത്താൽ കർത്താവ് നിങ്ങളോടുകൂടെ വസിക്കും. ഒരു ശുഭഭാവി നിങ്ങൾക്ക് ലഭിക്കും. □

## വിശ്വാസം

(6-ാം പേജ് തുടർച്ച)

ചെയ്യുന്നത്. ക്രിസ്തു എന്ന വ്യക്തിയോടും തന്റെ ശുശ്രൂഷകളുടെ മൊത്തം വശങ്ങളോടും പ്രതികരിക്കുകയാണ് ചെയ്യുന്നത്. ക്രിസ്തുവിന്റെ സാക്ഷ്യം പ്രവാചക സാക്ഷ്യവും ക്രിസ്തുവിന്റെ മരണം പൗരോഹിത്യ ശുശ്രൂഷയും ക്രിസ്തുവിന്റെ കർത്തൃത്വം രാജകീയവും ആണല്ലോ! ഒരു പക്ഷേ വിശ്വസത്തിന്റെ പരിധിയിൽ പ്രാഥമികമായി വരുന്നത് പൗരോഹിത്യ ശുശ്രൂഷയായിരിക്കാം. എന്നാൽ മറ്റു രണ്ടുവശങ്ങളെയും ഒഴിവാക്കിക്കൊണ്ട് പ്രതികരിക്കുക അസാദ്ധ്യമാണ്.

e) രക്ഷാകരമായ വിശ്വാസത്തിന്റെ ആധാരം വചനമാണ്.

വചനവും വിശ്വാസവും തമ്മിൽ വേർതിരിക്കുവാൻ കഴിയാത്ത ബന്ധമാണുള്ളത്. കാൽവിന്റെ ഭാഷയിൽ പറഞ്ഞാൽ സൂര്യരശ്മികളെ സൂര്യനിൽ നിന്നു വേർതിരിക്കുവാൻ കഴിയാത്തതുപോലെയാണ് വിശ്വാസത്തെ വചനത്തിൽ നിന്ന് വേർപെടുത്തുവാൻ കഴിയാത്തത്. (യോഹ.20:31; സങ്കീ.95:7; യെശ. 55:3). വചനത്തിൽ ദൈവത്തെക്കുറിച്ചും ക്രിസ്തുവിനെക്കുറിച്ചും മനുഷ്യനെക്കുറിച്ചും സ്വർഗ്ഗനരകങ്ങളെക്കുറിച്ചും പ്രസ്താവിച്ചിരിക്കുന്നതെല്ലാം വിശ്വാസത്തിന്റെ പരിധിയിൽ വരേണ്ടതാണ്.

f)രക്ഷാകരമായ വിശ്വാസം സുവിശേഷത്തോടുള്ള അനുസരണമാണ്. (റോമ.1:5)

രക്ഷാകരമായ വിശ്വാസത്തിന്റെ ഉള്ളടക്കത്തിൽ ഒരു പക്ഷേ വചനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സകലതും വന്നെന്നുവരില്ല. അവയെല്ലാം വിശ്വാസത്തിന്റെ വളർച്ചയുടെ ഭാഗമായി മാത്രമേ വ്യക്തിയിൽ യാഥാർത്ഥ്യമായി വരുകയുള്ളു. എന്നാൽ സുവിശേഷത്തിൽ വിശ്വസിക്കാത്ത ആർക്കും രക്ഷ പ്രാപിക്കുവാൻ കഴിയുന്നതല്ല. യേശുക്രിസ്തുവിന്റെ വ്യക്തിത്വവും രക്ഷണ്യവേലയും സുവിശേഷത്തിന്റെ കേന്ദ്രമാണ്. ഇതിനെക്കുറിച്ച് അജ്ഞരായ ആർക്കും രക്ഷാകരമായ വിശ്വാസം സാദ്ധ്യമല്ല.

g) രക്ഷാകരമായ വിശ്വാസം പരിശുദ്ധാത്മാവിന്റെ സഹായത്താലാണ്.

വിശ്വസിക്കുവാനുള്ള കഴിവ് മനുഷ്യനുണ്ട്. എന്നാൽ മനുഷ്യന്റെ കഴിവിന്റെ പരിധിക്കപ്പുറത്താണ് രക്ഷാകരമായ വിശ്വാസം. ദൈവ സ്വീകാര്യമായ യാതൊന്നും ചെയ്യുവാൻ സമ്പൂർണ്ണ ധാർമ്മികാധഃപതനം ഭവിച്ചിട്ടുള്ള മനുഷ്യനു കഴിയുന്നതല്ല. ഇക്കാരണത്താൽ രക്ഷയ്ക്കാവശ്യമായ മാനുഷിക പ്രതികരണമായ വിശ്വാസംപോലും സ്വന്തകഴിവിൽ നിന്നർപ്പിക്കുവാൻ അവൻ അശക്തനാണ്. രക്ഷാകരമായ വിശ്വാസത്തിനാവശ്യമായ പ്രചോദനവും കഴിവും ആന്തരിക ഒരുക്കവും ദൈവം ദാനമായി നൽകുന്നതാണ്. പരിശുദ്ധാത്മാവു നൽകുന്ന പ്രകാശനത്താലും ശക്തിയാലും ദൈവവചനത്തിലെ സത്യങ്ങളോടു (സുവിഷേത്തോട്) പ്രതികരിക്കുവാനാണ് ദൈവം മനുഷ്യനോട് ആവശ്യപ്പെടുന്നത്. “ഞാൻ വിശ്വാസിക്കുന്നു; എന്റെ അവിശ്വാസത്തെ സഹായിക്കേണമേ( മർക്കൊ.9:24) എന്ന പ്രാർത്ഥന ഈ സത്യത്തെ വ്യക്തമാക്കുന്നു. വിശ്വസിക്കുവാനുള്ള കല്പനയോടു ക്രിയാത്മകമായി പ്രതികരിക്കുവാൻ ദൈവാത്മാവിന്റെ സഹായം വേണം. “ഞാൻ വിശ്വസിക്കുന്നു” എന്നത് വ്യക്തിപരമായ ഉത്തരവാദിത്വവും ‘എന്റെ അവിശ്വാസത്തെ സഹായിക്കേണമേ’ എന്നത് സ്വയം വിശ്വസിക്കുവാനുള്ള വ്യക്തിപരമായ കഴിവില്ലായ്മയും ആണ്. ആദ്യത്തെ ഉത്തരവാദിത്വത്തെ സഫലമാക്കുവാൻ ദൈവത്തിന്റെ ശക്തി മനുഷ്യനു നൽകപ്പെടുകയാണ് ചെയ്യുന്നത്.

SANDWANAM
AN INDEPENDENT SPIRITUAL MAGAZINE




Vol-3 | Issue 10 | 2014 Jan Feb. | Pages 8 | KERM-AL/2011/40311 | Single Copy ₹ 10

കവിത

# മൃത്യുവരും നേരം

പെറ്റമ്മയ്ക്കുറ്റവേദന യേകി പിറക്കുന്നു
മർത്ത്യനായ് പിന്നെയീപ്പാരിൽ–
വളരുന്നു. – വേദനയേകുന്നനേകർക്ക്
ഒടുവിലങ്ങെന്നേയ്ക്കുമായി പിരിയുന്നു.
എല്ലാവർക്കും വേദന യേകീട്ടുപോകുന്നു.
കുടിലിലിലാണെങ്കിലും കൊട്ടാരമാകിലും
മൃത്യുവന്നെത്തിടും കൃത്യസമയത്തിൽ
രോഗിയാണെങ്കിലും ശോകമാണെങ്കിലും
നിത്യവും മർത്ത്യനുമൃുത്യുഭയം സത്യം
എഴുപതിൻമുന്നെയും മർത്ത്യൻമരിക്കുന്നു.
പതിനേഴിലായാലും മർത്ത്യൻ മരിക്കുന്നു.
ധനവാൻ മരിക്കുന്നു – ദരിദ്രൻ മരിക്കുന്നു
പണ്ഡിതനും പാമരനും മരിക്കുന്നു.
കാരണമാരാഞ്ഞാലുത്തരമുണ്ടായോ
ശാസ്ത്രജ്ഞനും വേദപണ്ഡിതൻമാർക്കും
പാപത്തിൻ ശമ്പളം മരണമതാകിലും
ക്രിസ്തുവിൻ മർത്ത്യനമർത്ത്യനായിടുന്നു.
വെച്ചചോറുണ്ടിട്ടു പോകാം, നിനക്കുകിൽ
വേകുന്നതിൻമുന്നെ മൃത്യുവന്നെത്തിടും
സ്വരൂപിച്ചുകൂട്ടുന്ന സ്വത്തുക്കളൊക്കെയും
നിരൂപിക്ക പിന്നെയാർകൊണ്ടുപോകും കൂടെ
മരണമിതേക കവാടം മനുഷ്യന്
നിത്യതയിൽ സത്യ ദൈവത്തോടൊത്ത്
അല്ലെങ്കിൽ നിത്യം നരകാഗ്നി തന്നിൽ
വെന്തുപോകാതിന്നു രക്ഷ പ്രാപിക്ക.
മർത്ത്യാനിന്നാത്മാവു പോകുന്നതെങ്ങോട്ടെ–
ന്നൊരു വേള ചിന്തിച്ചുനോക്കുക വേണ്ടയോ
നാളെയ്ക്കു നീട്ടേണ്ട സൽക്കർമ്മാധർമ്മങ്ങൾ
നാളെയാരുാകുമെന്നാരറിഞ്ഞു.

## ക്വിസ് കോർണർ 31

ആർക്കും ചേരാം. സുവിശേഷകന്മാരെ ഒഴിവാക്കിയിട്ടുണ്ട്. ജനുവരി മുതൽ ഡിസംബർ വരെ ശരിയുത്തരം അയക്കുന്നവർക്ക് ആകർഷകമായ സമ്മാനം ഏർപ്പെടുത്തിയിരിക്കുന്നു. ഉത്തരങ്ങൾ തെളിവു സഹിതം എഴുതേണ്ടതാണ്. നിങ്ങളുടെ അഡ്രസ് എഴുതുമ്പോൾ മൊബൈൽ നമ്പറും ലാന്റ് ഫോൺ നമ്പറും പിൻകോഡും സഹിതം എഴുതുക.

### യിരെമ്യാവ് 1–26

1. അവർ അവന്റെ വിളവിന്റെ ആദ്യഫലം ആകുന്നു. ആര്? 2. ഈ പദം വ്യാജവാക്കുകളാണ് ഇതിൽ ആശ്രയിക്കരുത് ഏത് പദം? 3. യഹൂദ രാജാവായ ഹിസ്ക്കിയാവിന്റെ മകൻ ? 4. അനാഥോത്തിലെ പുരോഹിതൻ? 5. തോഫെത്തിന് ബെൻ – ഹിന്നോംതാഴ്‌വര എന്ന പേര് കൂടാതെ പറയുന്ന മറ്റൊരു പേര്? 6. ഹിസ്ക്കിയാവിന്റെ കാലത്തെ മോരഷ്ട്യനായ പ്രവാചകൻ? 7. യഹോവയുടെ വചനം ധിക്കരിച്ചുകളഞ്ഞവർ ആരാണ്?

8. യിരമ്യാപ്രവാചകനെ അടിച്ച പുരോഹിതൻ?

9. സുന്ദരിയും സുഖഭോഗിനിയും ആയവൾ ആരാണ്? 10. അപ്പനുപകരം വാണിട്ട് സ്ഥലം വിട്ടുപോയ യഹൂദ രാജാവ്?

**കഴിഞ്ഞ ലക്കം ഉത്തരങ്ങൾ.**

1. യഹോവയ്ക്ക് ഇഷ്ടമുള്ള ഉപവാസം 58:6

2. ശാരോൻ, ആഖോർ താഴ്‌വര 65:10

3. ബേൽ, നെബോ. 46:1 4. ഭൂമി തൈകളെ മുളപ്പിക്കുന്നതുപോലയും തോട്ടം അതിൽ വിതച്ചവിത്തിനെ കിളുർപ്പിക്കുന്നതപോലെയും 61:11

5. സമ്പന്നൻമാരോടുകൂടെ. 53:9

6. രക്ഷ, സ്തുതി, 60:18

7. എന്റെ ശബ്ബത്ത് ആചരിക്കയും എനിക്ക് ഇഷ്ടമുള്ളത് തിരഞ്ഞെടുക്കുകയും എന്റെ നിയമം പ്രമാണിക്കുകയും ചെയ്യുന്ന ഷണ്ഡന്മാർക്ക് 56:4,5

8. വിവാഹസ്ഥ. 62:4. 9. നിങ്ങളുടെ അകൃത്യങ്ങൾ. 59:2 10. ദുഷ്ടന്മാരെ 57:20.

**വിജയികൾ**

പി. കെ. മേഴ്സി, മീമ്പാറ, പി. കെ. ജോർജ്ജുകുട്ടി. വാളകം. അച്ചാമ്മ ഐസക് കുറുപ്പംപടി, തങ്കമ്മ ദാനിയേൽ തൃശ്ശൂർ, കെ. ആർ. രാജമ്മ, പൊൻകുന്നം, സി. എ. അന്നക്കുട്ടി പെരുമ്പാവൂർ, ഏലിയാമ്മ പോൾ തൃശൂർ, ജോൺ വി. പോൾ തൃശൂർ.

*ഉത്തരങ്ങൾ അയക്കേണ്ട വിലാസം :*
ക്വിസ് മാസ്റ്റർ, സാന്ത്വനം, ചൂണ്ടക്കുഴി പി. ഒ.,
പെരുമ്പാവൂർ – 683 5463


**2013 ഫെബ്രുവരി 15 – നു മുമ്പായി ശരി ഉത്തരങ്ങൾ അയക്കേണ്ടതാണ്**

# പുസ്തക പരിചയം

**'നിമ്രോദിന്റെ ബാബേൽ മുതൽ മഹതിയാം ബാബിലോൺ വരെ'**

റവ. അലക്സാണ്ടർ ഹിസ്ലോപ് രചിച്ച രണ്ടു സംവിധാനങ്ങളുടെ വ്യതിരിക്തസ്വഭാവങ്ങൾ, ആരാധനമൂർത്തി, പെരുന്നാളുകൾ, ഉപദേശവും ചട്ടങ്ങളും, ആചാരങ്ങളും അനുഷ്ടാനങ്ങളും, പൗരോഹിത്യ പദവികൾ, ചരിത്രപരമായും പ്രവചനപരമായും രണ്ട് പുരോഗതികളുടെ വിലയിരുത്തൽ എന്നീ വഷയങ്ങൾ സവിസേതരം വിശദീകരിച്ചിരിക്കുന്നു. ദി സ്ക്രിപ്ച്ചർ ഫൗണ്ടേഷൻ, മഞ്ചേരി. പുറത്തിറക്കിയിരിക്കുന്ന പുസ്തകത്തിന് 350/– രൂപയാണ് വില ആവശ്യപ്പെടേണ്ട വിലാസം. The Scripture foundation P.O. Box 15, Manjeri 676124, Kerala, India. Mob: 9447066530.

**'സഭാ ദൗത്യം വേർപാടുസഭകളിൽ'**




**ഡോ.** ജോഷി എബ്രഹാം പുല്ലാട് രചിച്ചിരിക്കുന്ന തിരുവചനപ്രകാരമുള്ള സഭാദൗത്യം വിചിന്തനം ചെയ്തിരിക്കുന്ന അനുഗ്രഹീത പുസ്തകം. അനേക ശുശ്രൂഷകന്മാർക്ക് അവരുടെ ശുശ്രൂഷകളെ വിലയിരുത്തുവാനുള്ള ഒരു ഗൈഡ്. സഭയുടെ വളർച്ചയ്ക്ക് ആവശ്യമായ ഉപദേശങ്ങൾ, തെറ്റായ പഠിപ്പിക്കലുകളെക്കുറിച്ചുള്ള വിലയിരുത്തൽ.

അനേകം മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്ന അനുഗ്രഹീത ഗ്രന്ഥം. ശുശ്രൂഷന്മാർ, മൂപ്പന്മാർ, സുവിശേഷകന്മാർ, ഉപദേഷ്ടാക്കന്മാർവായിച്ചിരിക്കേണ്ട ഗ്രന്ഥം. സുവി. വി. പി. പൗലോസിന്റെ അവതാരിക അനേക ദൈവദാസന്മാരുടെ ആശംസകളും അഭിപ്രായങ്ങളും ഇന്നുതന്നെ നിങ്ങളുടെ കോപ്പി ഉറപ്പുവരുത്തുക. വില 100/–

ആവശ്യപ്പെടേണ്ട വിലാസം. Dr. Joshy Abraham, Athirampuzha House, Pullad P.O, Thiruvalla. 689548, P-athanamthitta. Kerala, Mob: 09446914242

## അഭിനന്ദനങ്ങൾ !!!

ക്രൈസ്തവ സാഹിത്യത്തിലേക്കുള്ള രംഗപ്രവേശനം തന്നെ ആഘോഷമാക്കിക്കൊണ്ടു മനോഹരമായെരു രചന നടത്തിയിരിക്കുന്ന ഡോ. ജോഷി എബ്രഹാമിന് സാന്ത്വനത്തിന്റെ കലവറയില്ലാത്ത അഭിനന്ദനങ്ങൾ!!! തന്റെ പ്രഥമ രചനയിൽത്തന്നെ ദൈവവചനത്തിന്റെ ആധികാരികതയോടെ സഹകൾക്ക് ശരിയായ് മാർഗ്ഗരേഖ നല്കുന്നൊരു പുസ്തകം പ്രസിദ്ധീകരിച്ച താങ്കൾക്കെതിരെ തല്പ്പര കക്ഷികൾ തൽക്ഷണം രംഗത്തു വന്നിട്ടുണ്ട്. ഉറച്ച കാൽവെയ്പ്പുകളോടെ മുന്നേറുക. ദൈവവചനത്തെ സ്നേഹിക്കുന്നവരുടെ പ്രാർത്ഥനയും താങ്കൾക്കൊപ്പമുണ്ട്. സഭാ ദൗത്യം വേർപാടുസഭകളിൽ അതിന്റെ ലക്ഷ്യം നിർവ്വഹിക്കതന്നെ ചെയ്യും, ഇന്നല്ലെങ്കിൽ നാളെ....

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ സുഗമമായ നടത്തിപ്പിന് വരിസംഖ്യ അടയ്ത്തവർ താങ്കളുടെ വരിസംഖ്യയും കുടിശികയും അയച്ചു തന്ന് ഈ പ്രവർത്തനത്തെ സഹായിക്കണമെന്ന് അപേക്ഷിക്കുന്നു. നിങ്ങളുടെ വരിസംഖ്യയും സംഭാവനകളും SANDWANAM എന്ന പേരിൽ

A/c.No.65440201001524
IFSC.Code. UBIN 0565440 Union Bank of India Chundakuzhy Branch അയക്കുക.

***വാർഷിക വരിസംഖ്യ***

*ഇന്ത്യയിൽ – 60, ഗൾഫിൽ – 500*
*യു.എസ്.എ.– $ 50*

# ദൈവജനം വഞ്ചിക്കാപ്പെടാതിരിപ്പിൻ

**പാലക്കാട്**: മുണ്ടൂർ സഭാ സുവി. വി. സി. തോമസിന്റെ അനാത്മീയ പ്രവർത്തനവും സഭ അതിന് എതിരെ വേണ്ട നടപടികൾ എടുക്കാത്തതും മൂലം പാലക്കാട് ജില്ലയിലുള്ള ബ്രദറൺ സഭകൾക്കോ, സുവിശേഷകന്മാർക്കോ മുണ്ടൂർ സഭയുമായോ വി. സി. തോമസുമായോ യാതൊരു കൂട്ടായ്മയോ ബന്ധമോ ഇല്ലായെന്നുള്ള വിവരം വേർപെട്ട ദൈവജനത്തെ അറിയിച്ചുകൊള്ളുന്നു.സുവി. ജോർജ്ജ് പീറ്റർ ചിറ്റൂർ, 9447311628, സുവി. പി. എം. തോമസ്. കരിമ്പ – 04924240063, സുവി. കെ . ജോൺ. വർഗ്ഗീസ് മലമ്പുഴ – 9349815089, സുവി. ജോസഫ് ജോൺ, കള്ളമല അട്ടപ്പാടി – 9605303564, സുവി. ജോഫി. സി. പി. , നെന്മാറ ടആട പ്രസിഡന്റ് പാലക്കാട് – 9447233752, സഹോ. വി. ജെ. ജോസഫ് വാണിയംകുളം YMEF പ്രസിഡന്റ് പാലക്കാട്– 9605609608 YMEF സെക്രട്ടറി പാലക്കാട് – 9495448947.
സുവി. സാമുവേൽ പി എബ്രഹാം – കോട്ടേക്കുളം

## സുവിശേഷ മഹായോഗവും സംഗീത വിരുന്നും

തീയതി: 2014 ജനുവരി 11, 12 സ്ഥലം: നാസ് ഓഡിറ്റോറിയം അങ്കമാലി സമയം: വൈകിട്ട് 6 മുതൽ പ്രഭാഷകൻ:. ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം)

സംഗീതം: ദിവ്യകിരൺ ക്വയർ ടീം, അങ്കമാലി

**SANDWANAM - Editorial Board**

Chief Editor - **Bro. Roy P. Kuriyakose (Roy Meempara)**
Co. Editors - **S Sanjivi, Koothattukulam**
- Jijo Angamaly
- P. V. Santhosh Wayanadu
- Joy M. P., Panamkuzhi
- Twinkle Paul, Kuruppampady
- K. P. Jose, Athirapally
Managing Editor - Joy M. Issac, Meempara
Advisery Board - T. S. Paulose, Meempara
- Adv. Raju M. Koshi, Ernakulam
- Johnson Daniel, Puthumana
- Dr. Binoy Varghese, Thrissur
- Sajeev Varghese, Puthupally
- Joy John, Banglore
- David P. Issac, Gujarath

Reg. N-o. KERMAL/2011/40311
To-

**Single Copy ₹ 10**

*If Undelivered Please Return to:*
The Chief Editor,
**SANDWANAM**
Chundakuzhy P.O.,
Perumbavoor - 683 546
Ernakulam Dist., Kerala
Mob : 97441 17891
Email:sandwanamnews@gmail.com

Printed, Published, Owned & Edited by: Ro-y P. Kuriakose (Roy Meempara), Pulickal (H), Chudakuzhy P. O., Perumbavoor, Ernakulam Dist. Pin-683 546.
Printed at : Paul Graphics, Kuruppampady, Ernakulam., Typesetting : Art Windows, Perumbavoor Ph: 0484 - 2593597